# പുതിയനിയമ പഠനസഹായി

**റ്റി. കെ. ഏബ്രഹാം**

**ഗ്രെയ്സ് ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്**
**ന്യൂ ടെസ്റ്റമെന്റ് കമന്ററി**
പി.ബി. നമ്പർ 8, ഏറ്റുമാനൂർ- 686 631, കേരള, ഇന്ത്യ

## ആമുഖം

മനുഷ്യജീവിതത്തോടു ബന്ധമുള്ള അമൂല്യ ആത്മീയ സത്യങ്ങൾ വെളിപ്പെടുത്തുന്ന ഗ്രന്ഥമാകുന്നു പുതിയനിയമം. യേശുക്രിസ്തുവിൽ അധിഷ്ഠിതമായ രക്ഷാമാർഗ്ഗം അതു വെളിപ്പെടുത്തുന്നു. ക്രിസ്തുമാർഗ്ഗം ഉപദേശിക്കുന്ന ആത്മീയവും സാന്മാർഗ്ഗികവും ധാർമ്മികവും ചരിത്രപരവുമായ സത്യങ്ങൾ ഗ്രഹിക്കുവാൻ പുതിയനിയമം പഠിക്കേണ്ടത് ഒഴിച്ചുകൂടാത്ത ആവശ്യം ആകുന്നു. മാറ്റങ്ങൾകൊണ്ടു നിറഞ്ഞ ലോകത്തിൽ പുതിയ നിയമ സത്യങ്ങൾ മാറാത്ത സത്യങ്ങളായി പ്രശോഭിക്കുന്നു. സത്യാന്വേഷികൾ ക്കുള്ള ഉത്തരം അതിൽ കണ്ടെത്താവുന്നതാണ്. സത്യത്തിനു സാക്ഷി നിൽ ക്കുവാൻ വന്ന ക്രിസ്തുവാണ് പുതിയനിയമത്തിലെ കേന്ദ്രവിഷയം. സത്യത്തിന്റെ പരിജ്ഞാനം ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ ഈ ദിവ്യഗ്രന്ഥം പഠിക്കണം.

ജി.ബി.സി.സിയുടെ പ്രാഥമിക പാഠങ്ങൾ പഠിച്ചവരുടെ ഉപരി പഠനാർത്ഥം തയ്യാറാക്കിയിട്ടുള്ളതാണ് 'പുതിയനിയമ പഠനസഹായി' എന്ന കമന്ററി. അടിസ്ഥാന ഉപദേശസത്യങ്ങൾക്കും പ്രായോഗിക ജീവിത ഉപദേശങ്ങൾക്കും പ്രാധാന്യം നൽകുന്ന ഒരു ഗ്രന്ഥമാകുന്നു ഇത്. ലളിതമായ ഭാഷയിൽ ഈ കമന്ററി എഴുതുവാൻ ആവോളം ശ്രദ്ധിച്ചിട്ടുണ്ട്. പുതുതായി രക്ഷിക്കപ്പെട്ട വിശ്വാസികളുടെ ആത്മീയ അഭിവൃദ്ധിയെ ലക്ഷ്യമാക്കിയാണ് ഇത് രചിച്ചിട്ടുള്ളത്. ഗ്രന്ഥരചനയ്ക്കു മലയാളഭാഷയിലും ഇംഗ്ലീഷിലുമുള്ള അനേകം വിലപ്പെട്ട ഗ്രന്ഥങ്ങൾ സഹായകരമായി തീർന്നിട്ടുണ്ട്. അനേക വർഷത്തെ വചനപഠനവും ഈ ഗ്രന്ഥം രചിക്കുവാൻ എനിക്കു പ്രേരണ നൽകി. ഈ ഗ്രന്ഥം വായനക്കാർക്ക് ആത്മീയ അഭിവൃദ്ധിക്കു കാരണമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. പാഠങ്ങൾ വായിക്കുന്നതിനു മുൻപ് ഓരോ അദ്ധ്യായവും വായിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

ഈ ഗ്രന്ഥത്തിന്റെ പ്രൂഫു നോക്കി സഹായിച്ച സഹോദരൻ ജോൺസൺ കുളങ്ങരയോടും, ഇതിന്റെ അച്ചടി സംബന്ധമായ ഉത്തരവാദി ത്വങ്ങൾ വഹിച്ച എബനേസർ പ്രിന്റേഴ്സിനോടുമുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

അല്പമാം ഉപകരണംകൊണ്ടു മഹത്തായ വേലകൾ ചെയ്യുന്ന കർത്താവ് ഈ പഠനസഹായി മുഖാന്തരം അനേകർക്ക് മാർഗ്ഗദീപവും അനുഗ്രഹങ്ങളും പ്രദാനംചെയ്യട്ടെ എന്നുള്ള പ്രാർത്ഥനയോടെ ഈ ഗ്രന്ഥം കർത്തൃപാദത്തിൽ സമർപ്പിച്ചുകൊള്ളുന്നു.

ക്രിസ്തുവിൽ സഹോദരൻ,
**റ്റി. കെ. ഏബ്രഹാം**

## അവതാരിക

"ആരും ബൈബിൾ വായിക്കരുത്"- പ്രസിദ്ധനായൊരു ക്രൈസ്തവനേതാവിന്റെ വാക്കുകളാണ് ഇതെന്നറിയുമ്പോൾ നമ്മുടെ ഞെട്ടലിന് ആക്കം കൂടും. പക്ഷെ ബാക്കി കൂടെ കേൾക്കൂ - "ബൈബിൾ വായിച്ചു മാറ്റിവെക്കാനുള്ള ഗ്രന്ഥമല്ല പഠിച്ച് ഹൃദിസ്ഥമാക്കാനുള്ള ദൈവവചനമാണ്."

"ഞാൻ വരുവോളം വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്ക" എന്നു സുവിശേഷകനായ തിമൊഥെയൊസിനോട് പിതൃസ്ഥാനീയനായ പൗലൊസ് ഓർമ്മിപ്പിക്കുന്നു. ഈ വായന, പ്രബോധനത്തിനും ഉപദേശത്തിനും വേണ്ടിയുള്ളതാണ്. വെറുതെ ഒരു ദിനചര്യയായി വായിക്കുക എന്ന അർത്ഥത്തിലല്ല. വചനം നിരന്തരം വായിക്കുന്നവർക്കു മാത്രമേ അതിലെ ആത്മീയ സത്യങ്ങൾ വെളിപ്പെട്ടു കിട്ടുകയുള്ളൂ. അപ്പോൾ മാത്രമേ മറ്റുള്ളവരെ പ്രബോധിപ്പിക്കാനും ഉപദേശിക്കാനും കഴിയൂ.

"എസ്രാപുരോഹിതൻ പുരുഷന്മാരും സ്ത്രീകളും കേട്ടു ഗ്രഹിക്കാൻ പ്രാപ്തിയുള്ള എല്ലാവരുമായ സഭയുടെ മുമ്പാകെ ന്യായപ്രമാണം കൊണ്ടുവന്നു. നീർവ്വാതി ലിനെതിരെയുള്ള വിശാല സ്ഥലത്തുവെച്ച് രാവിലെ തുടങ്ങി ഉച്ചവരെ പുരുഷന്മാരും സ്ത്രീകളും ഗ്രഹിക്കാൻ പ്രാപ്തിയുള്ള എല്ലാവരും കേൾക്കെ ന്യായപ്രമാണപുസ്തകം വായിച്ചു. സർവ്വജനവും ശ്രദ്ധിച്ചു കേട്ടു... ജനം താന്താന്റെ നിലയിൽ തന്നെ നിന്നി രിക്കെ യേശുവ, ബാനി... എന്നിവരും ലേവ്യരും ജനത്തിന് ന്യായപ്രമാണത്തെ പൊരുൾ തിരിച്ചു കൊടുത്തു. ഇങ്ങനെ അവർ ദൈവത്തിന്റെ ന്യായപ്രമാണപുസ്തകം തെളിവായി വായിച്ചു കേൾപ്പിക്കുകയും വായിച്ചതു ഗ്രഹിപ്പാൻ തക്കവണ്ണം അർത്ഥം പറഞ്ഞുകൊടുക്കുകയും ചെയ്തു" (നെഹെ. 8:2, 3, 7, 8).

"ഒരുത്തൻ പൊരുൾ തിരിച്ചു തരാതിരുന്നാൽ എങ്ങനെ ഗ്രഹിക്കും?" എന്ന എത്യോപ്യ രാജ്ഞിയുടെ ഷണ്ഡന്റെ ചോദ്യം ഇവിടെ ചിന്തനീയമാണ്. പിസിദ്യാ ദേശത്തിലെ അന്ത്യൊക്ക്യയിൽ പള്ളിയിൽ വെച്ച് കർത്താവിന്റെ ക്രൂശുമരണത്തെ പരാമർശിച്ച് പ്രസംഗിക്കുന്ന പൗലൊസിന്റെ വാക്കുകൾ ശ്രദ്ധിച്ചാൽ അന്നത്തെ യെഹൂദന്മാർക്കു പറ്റിയ പരാജയത്തിന്റെ കാരണം വ്യക്തമാണ്. "യെരൂശലേം നിവാസികളും അവരുടെ പ്രമാണികളും അവനെയോ ശബ്ബത്തുതോറും വായിച്ചു വരുന്ന പ്രവാചകന്മാരുടെ വചനങ്ങളെയോ തിരിച്ചറിയാതെ അവനെ ശിക്ഷയ്ക്കു വിധിച്ചു" (പ്രവൃ. 13:27).

ശബ്ബത്തിൽ നസറെത്തിലെ പള്ളിയിൽ ചെന്ന് യെശയ്യാ പ്രവാചകന്റെ പുസ്തക ത്തിലെ ഒരു ഭാഗം വായിച്ച കർത്താവ് ഇങ്ങനെ പൊരുൾ തിരിച്ചുകൊടുത്തു: "ഇന്ന് നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിന് നിവൃത്തി വന്നിരി

ക്കുന്നു" (ലൂക്കൊ. 4:21). തുടർന്നുണ്ടായ സംഭവവികാസങ്ങൾ നമുക്ക് അറിവുള്ളതാണല്ലോ.

വചനം ലിഖിതരൂപത്തിൽ ലഭ്യമായ കാലം മുതലേ തന്നെ അത് വായിച്ചു കേൾപ്പിക്കുകയും പൊരുൾ തിരിച്ചു കൊടുക്കുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു. അതു ശരിയായി പഠിച്ചു മനസ്സിലാക്കാത്തതിനാൽ ഉണ്ടായ തിക്താനുഭവങ്ങളെ കുറിച്ചും നാം വായിച്ചു. ഫലകരമായ ക്രിസ്തീയ ജീവിതത്തിനും ദൈവസാമീപ്യം അനുഭവിച്ചറിയുന്നതിനും വചനപഠനം അത്യന്താപേക്ഷിതമാണ്.

സമയം വിലപ്പെട്ടതാണ്. ഇന്നത്തേതിൽനിന്ന് അല്പം നാളത്തേക്ക് മാറ്റിവെക്കാനോ നാളത്തേതിൽനിന്ന് അഡ്വാൻസായി ഇന്നേക്ക് അല്പം എടുക്കാനോ, വായ്പ വാങ്ങാനോ വായ്പ കൊടുക്കാനോ കഴിയാത്ത അമൂല്യ സ്വത്താണ് സമയം. കാളവണ്ടിക്കു പകരം കാറും പ്ലെയിനും, അരകല്ലിന്റെ സ്ഥാനത്ത് ഗ്രൈന്ററും മിക്സിയും, അലക്കുകല്ലിനോട് മല്ലടിച്ചവർക്ക് വാഷിങ് മെഷിനും, അഞ്ചലോട്ടക്കാരന്റെ ഡ്യൂട്ടി ഈമെയിലും ഇന്റർനെറ്റും മൊബൈലും ഏറ്റെടുത്തിട്ടും പക്ഷെ മനുഷ്യന് ഒന്നിനും സമയമില്ല. തിരക്കോട് തിരക്കാണവന്. വീണുകിട്ടുന്ന ഇടവേളകൾ വേണ്ടവിധം പ്രയോജനപ്പെടുത്താനും സാധിക്കുന്നില്ല. ഈ പശ്ചാത്തലത്തിൽ ആണ് ബ്ര. റ്റി. കെ. ഏബ്രഹാമിന്റെ 'പുതിയനിയമ പഠനസഹായി' എന്ന ഗ്രന്ഥം വിലപ്പെട്ടതായി തീരുന്നത്. ബൈബിൾ സ്കൂളിലോ സെമിനാരിയിലോ പോയി പഠിക്കാൻ കഴിയാത്തവർക്ക് ബൈബിളിനെപ്പറ്റി ഒരു സാമാന്യജ്ഞാനം ആർജ്ജിക്കുവാൻ ഈ പുസ്തകം സഹായകമായിരിക്കും. ബൈബിൾ കയ്യിലെടുത്താൽ ഉറക്കം വരുന്നത് വായിക്കുന്നത് മനസ്സിലാവുന്നില്ല എന്നതിന്റെ സൂചന കൂടിയാണ്. ഒരു പുസ്തകം മനസ്സിലാക്കി വായിക്കുമ്പോൾ മനസ്സുണർന്നിരിക്കും.

പുതിയനിയമം - 27 പുസ്തകങ്ങളും - വളരെ ലളിതമായി പൊരുൾ തിരിച്ചു തരികയാണ് ഗ്രന്ഥകാരൻ ചെയ്തിരിക്കുന്നത്. ഓരോ പുസ്തകത്തിനും മുഖവുര, ചരിത്രപശ്ചാത്തലം, ലക്ഷ്യം, വിഷയവിഭജനം ഇവ കൊടുത്തിരിക്കുന്നു. നാലോ അഞ്ചോ വാക്കുകളിലൊതുങ്ങുന്ന വാചകങ്ങൾ, ലളിതമായ ഭാഷ, ഏതു സാധാരണക്കാരനും പരാശ്രയമില്ലാതെ വായിച്ചു മനസ്സിലാക്കാവുന്ന അവതരണശൈലി. അദ്ധ്യായങ്ങൾ, സംഭവങ്ങൾ, വിഷയങ്ങൾ, വ്യക്തികൾ എന്നിങ്ങനെ തരംതിരിച്ചുള്ള പഠനരീതി നവാഗതർക്കു മാത്രമല്ല സഭാശുശ്രൂഷകന്മാർക്കും പ്രയോജനപ്പെടും.

പ്രവചനവിഷയവീക്ഷണങ്ങളിൽ വ്യക്തിപരമായി ചില വിയോജിപ്പുകൾ ഉണ്ടെങ്കിലും തന്റെ ദീർഘവർഷങ്ങളിലെ കഠിനാദ്ധ്വാനവും പ്രാർത്ഥനയും ഏറെക്കുറെ ഫലവത്തായിട്ടുണ്ട്. കുമ്പനാട് ബൈബിൾ സ്കൂളിന്റെ പ്രാരംഭകാല പ്രവർത്തകരിൽ മുൻനിരക്കാരൻ, സുവിശേഷകൻ, വേദാദ്ധ്യാപകൻ, ഗ്രന്ഥരചയിതാവ്, പരിഭാഷകൻ എന്നീ നിലകളിൽ കഴിഞ്ഞ തലമുറയിൽ പ്രശസ്തനായിരുന്ന ബ്ര. റ്റി. എ. കുര്യന്റെ മകനായ റ്റി. കെ. ഏബ്രഹാം ഭക്തിമാർഗ്ഗത്തിൽ പിതാവിന്റെ പാത തന്നെ പിന്തുടരാനാണാഗ്രഹിക്കുന്നത്. ബൈബിൾ സ്കൂൾ അദ്ധ്യാപകൻ എന്ന നിലയിൽ ബ്ര. റ്റി. കെ. യുടെ ശിഷ്യനായിരിക്കാനും എനിക്കവസരം കൈവന്നിട്ടുണ്ട്. കേരളത്തിൽ അറിയപ്പെടുന്ന പല ബൈബിൾ കറസ്പോണ്ടൻസ് കോഴ്സുകളുടെയും ടെക്സ്റ്റ് ബുക്കുകൾ ഇദ്ദേഹത്തിന്റെ രചനകളാണ്. ഈ കോഴ്സുകളിലൂടെ കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചവരും നിരവധിയാണ്.

അതിനാൽ ഈ 'പുതിയനിയമ പഠനസഹായി'യും അനേകർക്ക് ആത്മികാഭിവൃദ്ധിക്കും അനുഗ്രഹങ്ങൾക്കും വഴിയൊരുക്കും എന്ന ദൃഢവിശ്വാസത്തോടെ, ഇനിയും ഇത്തരം രചനകൾ തന്റെ തൂലികത്തുമ്പിൽനിന്നുരുത്തിരിയട്ടെയെന്ന പ്രാർത്ഥനയോടെ ഈ കൃതി സജ്ജനസമക്ഷം സസന്തോഷം അവതരിപ്പിക്കുന്നു.

അങ്കമാലി
24-10-06

**ജോൺസൺ കുളങ്ങര** (Evng.)

# മുഖവുര

ബൈബിൾ ദൈവവചനമാകുന്നു. ദിവ്യസത്യങ്ങളുടെ സമാഹാരമാണിത്. അതു വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ആത്മസന്തോഷവും സമാധാനവും പ്രത്യാശയും ഉള്ളവർ ആകും. ദൈവം ആരാണെന്നും മനുഷ്യനും ദൈവവുമായി എങ്ങനെ ബന്ധപ്പെടാമെന്നും ബൈ ബിൾ വ്യക്തമാക്കുന്നു. അതിലെ കേന്ദ്രബിന്ദു ക്രിസ്തുവാണ്. മാറ്റങ്ങൾ കൊണ്ടു നിറഞ്ഞ ലോകത്തിൽ മാറാത്ത സത്യമായി ബൈബിൾ ഇരിക്കുന്നു. ഈ ദിവ്യ ഗ്രന്ഥത്തിൽ ദൈവത്തിന്റെ മനസ്സ്, മനുഷ്യസ്ഥിതി, രക്ഷയ്ക്കുള്ള മാർഗ്ഗം, പാപിയുടെ നാശം, വിശ്വാസികളുടെ സൗഭാഗ്യം എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിലെ ഉപദേശങ്ങൾ വിശുദ്ധമാണ്, പ്രമാണങ്ങൾ ലളിതമാണ്, ചരിത്രം സത്യമാണ്. ബൈബിൾ ഒരു ദിവ്യലൈബ്രറി ആകുന്നു. ഇതിൽ 66 പുസ്തകങ്ങളുണ്ട്. പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പഴയനിയമത്തിൽ 39 പുസ്തകങ്ങളും പുതിയനിയമത്തിൽ 27 പുസ്തകങ്ങളും അടങ്ങിയിരിക്കുന്നു. നാല്പതോളം എഴുത്തുകാർ 1600 വർഷങ്ങൾകൊണ്ട് രചിച്ചിട്ടുള്ളതാണ് ബൈബിൾ. അതിലെ ആലോചനകൾ മനുഷ്യന്റെ ബുദ്ധിമൂശയിൽ രൂപംകൊണ്ടതല്ല. ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് രചിച്ചിട്ടുള്ള തത്രെ. ആത്മരക്ഷയ്ക്കും വിശുദ്ധജീവിതത്തിനും ശക്തി നൽകുന്ന ദൈവവചനം വായിക്കുകയും ധ്യാനിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ ആകുന്നു.

### പഴയ നിയമം

ക്രിസ്തുവിനുമുമ്പുള്ള ഏകദേശം നാലായിരം വർഷങ്ങളിലെ മാനവചരിത്രമാണ് 39 പുസ്തകങ്ങൾ അടങ്ങിയ പഴയനിയമം. ദൈവം സകലവും സൃഷ്ടിച്ചു എന്ന സത്യം ബൈബിൾ വെളിപ്പെടുത്തുന്നു. ഈ ഭൂമിയിൽ

ജാതികൾ, വംശങ്ങൾ, രാജ്യങ്ങൾ, സംസ്കാരങ്ങൾ, പരിഷ്കാരങ്ങൾ എന്നിവയെല്ലാം എങ്ങനെയുണ്ടായി എന്ന് പഴയനിയമത്തിൽ കാണാം. മനുഷ്യനോട് എങ്ങനെ ദൈവം ബന്ധപ്പെടാൻ ആഗ്രഹിക്കുന്നു എന്നറിയുവാൻ ബൈബിൾ പഠിക്കണം. ദൈവത്തിന്റെ കല്പനകൾ വെളിപ്പെടുത്തുന്ന ഈ ദിവ്യഗ്രന്ഥം അവന്റെ സ്വഭാവം മനുഷ്യനു വരച്ചുകാണിക്കുന്നു. ദൈവത്തെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്ത വ്യക്തികൾക്കും രാജ്യങ്ങൾ ക്കും ഉണ്ടായ അനുഗ്രഹങ്ങൾ ബൈബിളിൽ കാണാം. അതുപോലെ തന്നെ അവനെ നിരാകരിച്ചവർക്ക് ഉണ്ടായ ന്യായവിധിയും ബൈബിൾ വെളിപ്പെടു ത്തുന്നു. പഴയനിയമത്തെ, ന്യായപ്രമാണം, പ്രവാചകപുസ്തകങ്ങൾ, സങ്കീർ ത്തനങ്ങൾ എന്നിങ്ങനെയാണ് ക്രിസ്തു വിഭജിച്ചിട്ടുള്ളത് (ലൂക്കൊ. 24:44). നമ്മുടെ പഠനത്തിനു സഹായകരമായി ബൈബിളിനെ എട്ടായി വിഭജിക്കാം.

### 1. ന്യായപ്രമാണ പുസ്തകങ്ങൾ

ഉല്പത്തി മുതൽ ആവർത്തനം വരെയുള്ള അഞ്ചു പുസ്തകങ്ങൾ; പഞ്ചഗ്രന്ഥങ്ങൾ എന്ന് ഇവ അറിയപ്പെടുന്നു. മോശെയാണ് ഗ്രന്ഥകാരൻ. ഉല്പത്തി സകലത്തിന്റെയും ആരംഭം വിവരിക്കുന്നു. യെഹൂദാജാതിയുടെ ആരംഭം നാം ഉല്പത്തിയിൽ കാണുന്നുണ്ട്. അവർ ഈജിപ്റ്റിൽ അടിമകളായി കഴിയേണ്ടിവന്നു. ദൈവം അവരെ അടിമത്തത്തിൽനിന്നും വിടുവിക്കുന്ന ചരിത്രമത്രെ പുറപ്പാടുപുസ്തകം. അവർ ദൈവത്തെ ആരാധിക്കുവാനും സേവിക്കുവാനും ആവശ്യമായ കല്പനകൾ ലേവ്യാപുസ്തകം നൽകുന്നു. സംഖ്യാപുസ്തകം യിസ്രായേലിന്റെ മരുപ്രയാണ ചരിത്രമാണ്. ആവർത്തനപുസ്തകത്തിൽ മോശെയുടെ അന്ത്യവാക്കുകൾ കാണാം. ദൈവം യിസ്രായേലിനെ വിടുവിക്കുകയും പരിപാലിക്കുകയും ചെയ്ത വിധങ്ങൾ വിവരിച്ചശേഷം അവരെ പുനഃപ്രതിഷ്ഠയ്ക്ക് ആഹ്വാനം ചെയ്യുന്നു.

### 2. ചരിത്ര പുസ്തകങ്ങൾ

യോശുവ മുതൽ എസ്ഥേർ വരെയുള്ള പുസ്തകങ്ങൾ യിസ്രായേൽ കനാൻദേശം കൈവശപ്പെടുത്തുന്നതും തുടർന്ന് ന്യായാധിപന്മാരും രാജാക്കന്മാരും അവരെ ഭരിക്കുന്നതുമായ ചരിത്രവിവരണം ആകുന്നു. അവർ ദൈവകല്പനകൾ അനുസരിക്കാഞ്ഞതിനാൽ പ്രവാസത്തിലേക്ക് പോകേണ്ടിവന്നു. അനുതപിച്ച് ദൈവത്തിങ്കലേക്ക് ജനം മടങ്ങിവരികയും എസ്രാ, നെഹെമ്യാവ് എന്നിവരുടെ നേതൃത്വത്തിൽ കനാൻദേശത്തേക്ക് മടങ്ങിവരികയും ചെയ്തു.

### 3. കാവ്യ പുസ്തകങ്ങൾ

ഇയ്യോബ് മുതൽ ഉത്തമഗീതം വരെയുള്ള അഞ്ചു പുസ്തകങ്ങൾ കവിതകളാണ്. സങ്കീർത്തനങ്ങളിൽ പകുതിയോളം ദാവീദ് രചിച്ചതാണ്. കഷ്ടതകളിൽ സഹിഷ്ണുത ഉള്ളവരാകണം എന്ന പാഠം ഇയ്യോബിൽ കാണാം. സങ്കീർത്തനങ്ങൾ യിസ്രായേലിന്റെ സ്തുതിഗീതങ്ങളാണ്. ഉത്തമ ഗീതത്തിൽ നിഷ്കളങ്കസ്നേഹത്തിന്റെ ചിത്രം കാണാം. സദൃശവാക്യങ്ങളും സഭാപ്രസംഗിയും വിജ്ഞാനഗ്രന്ഥങ്ങൾ ആകുന്നു. ഉത്തമഗീതം, സദൃശവാക്യങ്ങൾ, സഭാപ്രസംഗി എന്നിവ ശലോമോൻ രചിച്ചുവെന്ന് കരുതപ്പെടുന്നു.

### 4. പ്രവചന പുസ്തകങ്ങൾ

യെശയ്യാവ് മുതൽ മലാഖി വരെയുള്ള പുസ്തകങ്ങളാണ് അവ. അവയെ വലിയ പ്രവാചകന്മാർ, ചെറിയ പ്രവാചകന്മാർ എന്നിങ്ങനെ രണ്ടായി വിഭജിക്കാം. ഇവ പ്രവാചകന്മാരുടെ വലിപ്പച്ചെറുപ്പത്തെയല്ല കാണിക്കുന്നത്. പ്രത്യുത അവർ എഴുതിയ പുസ്തകങ്ങളുടെ വലിപ്പച്ചെറുപ്പത്തെ കുറിക്കുന്നു. ചെറിയ പ്രവാചകരുടെ പുസ്തകങ്ങൾ ഹോശേയ മുതൽ മലാഖി വരെയാണ്. ദൈവം പ്രവാചകരിലൂടെയാണ് അരുളിച്ചെയ്തിരുന്നത്. ആ ആലോചനകൾ ഇക്കാലത്തും പ്രസക്തമാണ്. “മുന്നെഴുതിയിരിക്കുന്നതൊക്കെയും നമ്മുടെ ഉപദേശത്തിനായിട്ട്, നമുക്ക് തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന് തന്നെ എഴുതിയിരിക്കുന്നു” (റോമർ 15:4).

### 5. സുവിശേഷങ്ങൾ

മത്തായി മുതൽ യോഹന്നാൻ വരെയുള്ള നാലു പുസ്തകങ്ങൾ ആണിവ. ക്രിസ്തുവിന്റെ ജീവചരിത്രം സംക്ഷിപ്തമായി സുവിശേഷങ്ങളിൽ കാണാം. ക്രിസ്തുവിന്റെ ജനനം, ജീവിതം, പരസ്യശുശ്രൂഷ, മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നീ വസ്തുതകൾ സുവിശേഷങ്ങളിൽ കാണാം.

### 6. അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ

ഇത് ആദിമസഭയുടെ ചരിത്രമാകുന്നു. ക്രിസ്തുവിന്റെ ജീവിതത്തെയും സഭയുടെ വളർച്ചയെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി ഈ പുസ്തകമിരിക്കുന്നു. ലേഖനങ്ങൾ മനസ്സിലാക്കുവാൻ ഈ പുസ്തകപഠനം ഒഴിച്ചുകൂടാത്തതാണ്. പെന്തക്കൊസ്തിൽ സഭ ആരംഭിച്ച് റോമിൽ പൗലൊസ് തടവുകാരനാകുന്നതുവരെയുള്ള ചരിത്രമാണ് അപ്പൊസ്തല പ്രവൃത്തികൾ.

### 7. ലേഖനങ്ങൾ

റോമർ മുതൽ യൂദാ വരെയുള്ള 21 പുസ്തകങ്ങളാണിവ. ഉപദേശഗ്രന്ഥങ്ങൾ എന്നും ഇവ അറിയപ്പെടുന്നു.

ലേഖനങ്ങൾ ക്രിസ്തീയ ജീവിത ത്തിന് ആവശ്യമായ ഉപദേശങ്ങളും പ്രായോഗിക നിർദ്ദേശങ്ങളും നൽകുന്നു. പതിമൂന്നോളം ലേഖനങ്ങൾ പൗലൊസിന്റേതാണ്.

### 8. വെളിപ്പാട് പുസ്തകം

പുതിയനിയമത്തിലെ പ്രവചനപുസ്തകം ആകുന്നു ഇത്. ക്രിസ്തുവിനെ മഹത്വസമ്പൂർണ്ണനായി ഇവിടെ കാണാം. വിശ്വാസികൾക്ക് മുന്നറിയിപ്പും പ്രത്യാശയും നൽകുന്ന ഗ്രന്ഥമാണിത്. ദൈവത്തിന്റെ സർവ്വാധികാരം, ക്രിസ്തുവിന്റെ തിരിച്ചുവരവ്, ലോകത്തിനുണ്ടാകുവാൻ പോകുന്ന ന്യായവിധി, ദൈവജനം വിശ്വസ്തരാകുവാനുള്ള ആഹ്വാനം, അവരുടെ ഭാഗ്യകരമായ പ്രത്യാശ എന്നീ വിഷയങ്ങൾ വെളിപ്പാടുപുസ്തകത്തിൽ കാണാം.

### ബൈബിളിലെ കേന്ദ്രവിഷയം

ബൈബിളിലെ കേന്ദ്രബിന്ദു ക്രിസ്തുവാകുന്നു. പഴയനിയമം വരുവാനുള്ള നന്മകളുടെ നിഴൽ മാത്രമാണ്. ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ പഴയനിയമത്തിൽ കാണാം. ക്രിസ്തുവിന്റെ പ്രതിരൂപങ്ങൾ പഴയനിയമത്തിൽ ധാരാളമായിട്ടുണ്ട്. ക്രിസ്തു ഈ സത്യം യെഹൂദമതഭക്തന്മാരോടു പ്രസ്താവിച്ചതായി കാണാം. "നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു; അവയിൽ നിങ്ങൾക്കു നിത്യജീവനുണ്ട് എന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ; അവ എനിക്കു സാക്ഷ്യം പറയുന്നു" (യോഹ. 5:39). അതുപോലെ തന്നെ ഉയിർത്തെഴുന്നേറ്റ കർത്താവ് തന്റെ അരുമശിഷ്യന്മാരോട് അരുളിച്ചെയ്തതും ശ്രദ്ധേയമത്രെ: "മോശെ തുടങ്ങി സകല പ്രവാചകന്മാരിൽനിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു" (ലൂക്കൊ. 24:27,44).

### ക്രിസ്തു ബൈബിളിലെ പുസ്തകങ്ങളിൽ

1. ഉല്പത്തിയിൽ അവൻ സ്ത്രീയുടെ സന്തതിയാണ് (3:15).
2. പുറപ്പാടിൽ അവൻ പെസഹ കുഞ്ഞാടാണ് (12:1-14).
3. ലേവ്യാപുസ്തകത്തിൽ അവൻ പ്രായശ്ചിത്തയാഗമാണ് (17:11).
4. സംഖ്യാപുസ്തകത്തിൽ അവൻ താമ്രസർപ്പമാണ് (21:8,9).
5. ആവർത്തനപുസ്തകത്തിൽ അവൻ വാഗ്ദത്തം ചെയ്യപ്പെട്ട പ്രവാചകനാണ് (18:15).
6. യോശുവയിൽ അവൻ യഹോവയുടെ സൈന്യത്തലവനാകുന്നു (5:13-15).
7. ന്യായാധിപന്മാരിൽ അവൻ നമ്മുടെ രക്ഷകൻ.
8. രൂത്തിൽ അവൻ വീണ്ടെടുപ്പുകാരൻ.
9. 1, 2 ശമൂവേൽ, 1, 2 രാജാക്കന്മാർ, 1, 2 ദിനവൃത്താന്തങ്ങളിൽ അവൻ വാഗ്ദത്തരാജാവാണ്.
10. എസ്രാ, നെഹെമ്യാവിൽ അവൻ നമ്മുടെ ഉദ്ധാരകൻ.
11. എസ്ഥേറിൽ അവൻ നമ്മുടെ വക്കീൽ അഥവാ വാദിക്കുന്ന കാര്യസ്ഥൻ ആകുന്നു.
12. ഇയ്യോബിൽ അവൻ വീണ്ടെടുപ്പുകാരനാണ് (19:25).
13. സങ്കീർത്തനങ്ങളിൽ അവൻ നമുക്ക് സകലത്തിനും സകലവും ആകുന്നു.
14. സദൃശവാക്യങ്ങളിൽ അവൻ നമുക്ക് മാതൃകാപുരുഷനാണ്.
15. സഭാപ്രസംഗിയിൽ അവൻ നമ്മുടെ ലക്ഷ്യമാണ്.
16. ഉത്തമഗീതത്തിൽ അവൻ നമ്മുടെ പ്രിയനാണ്.
17. പ്രവചനങ്ങളിൽ (യെശയ്യാവ് - മലാഖി) അവൻ വരുവാനുള്ള സമാധാന പ്രഭു ആകുന്നു.
18. മത്തായിയുടെ സുവിശേഷത്തിൽ അവൻ രാജാവാണ്.
19. മർക്കൊസിൽ അവൻ ഉത്തമദാസനാണ്.
20. ലൂക്കൊസിൽ അവൻ മനുഷ്യപുത്രനാണ്.
21. യോഹന്നാനിൽ അവൻ ദൈവപുത്രനാണ്.
22. അപ്പൊസ്തലപ്രവൃത്തിയിൽ അവൻ പുനരുത്ഥാനം ചെയ്തവനും സഭയെ പണിയുന്നവനുമാകുന്നു.
23. ലേഖനങ്ങളിൽ അവൻ വിശ്വാസികളിൽ വസിക്കുന്നവനാണ്.
24. വെളിപ്പാടിൽ അവൻ വീണ്ടും വരുന്ന രാജാവാകുന്നു.

ബൈബിളിൽ ആദിയോടന്തം ക്രിസ്തുവിനെ വെളിപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിനെ ദൈവപുത്രനായി അംഗീകരിക്കുവാനായിട്ടത്രെ അവനെ നമുക്ക് വെളിപ്പെടുത്തിയിട്ടുള്ളത്. നമ്മുടെ വ്യക്തിപരമായ ജീവിതം ക്രിസ്തുവിനു സമർപ്പിക്കപ്പെട്ടതായിരിക്കണം. അവനെക്കുറിച്ചുള്ള അറിവു മാത്രം നമ്മെ രക്ഷിക്കുകയില്ല. യേശുക്രിസ്തുവിനെ വിശ്വാസത്താൽ സ്വന്തരക്ഷിതാവായി സ്വീകരിക്കുമ്പോൾ നാം ദൈവമക്കൾ ആകുന്നു. ക്രിസ്തു വിനെ വെളിപ്പെടുത്തുന്ന ഈ ദിവ്യഗ്രന്ഥം നമ്മുടെ പ്രമോദമായിത്തീരണം. അതിലെ ആലോചനകൾ നമുക്ക് ബുദ്ധി ഉപദേശം നൽകുന്നതാണ്. അതു വായിച്ചു ധ്യാനിക്കുന്നവർക്ക് ആത്മസമാധാനവും സന്തോഷവും പ്രത്യാ ശയും ഉള്ളവർ ആകുവാൻ കഴിയും. അതിനു സർവ്വേശ്വരൻ നമ്മെ സഹായിക്കട്ടെ.

## പുതിയ നിയമം

ബൈബിൾ ദൈവിക വെളിപ്പാടാകുന്നു. മനുഷ്യവർഗ്ഗത്തിനുവേണ്ടി ദൈവം യേശുക്രിസ്തുവിൽ ഒരുക്കിയിട്ടുള്ള രക്ഷയാണ് അതിലെ വിഷയം. ബൈബിളിനെ പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പഴയനിയമത്തിൽ ന്യായപ്രമാണമാണ് മുഖ്യവിഷയം. പുതിയനിയമം, പ്രവചനപുരുഷനായ ക്രിസ്തുവിനെ ചരിത്രപുരുഷനായി വെളിപ്പെടുത്തുന്നു. പഴയനിയമത്തിൽ ആരംഭിച്ച ദൈവിക വെളിപ്പാടുകൾ പുതിയനിയമത്തിൽ അവസാനിക്കുന്നു.

## സുവിശേഷങ്ങൾ

പുതിയനിയമത്തിൽ നാലു സുവിശേഷങ്ങൾ കാണാം. ക്രിസ്തുവിന്റെ ആളത്വത്തിൽ അന്തർലീനമായിരിക്കുന്ന ദിവ്യരഹസ്യങ്ങളും ഉപദേശങ്ങളും അത്ഭുതപ്രവൃത്തികളും സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. സ്നേഹവാനായ ദൈവം പാപിയായ മനുഷ്യനുവേണ്ടി യേശുക്രിസ്തുവിൽ കൂടി ഒരുക്കിയിട്ടുള്ള രക്ഷയുടെ സന്തോഷവാർത്തയാകുന്നു സുവിശേഷങ്ങൾ. സകല മനുഷ്യരുടെയും ജീവിതലക്ഷ്യം നിർണ്ണയിക്കപ്പെടുന്നത് സുവിശേഷത്തോടുള്ള അവരുടെ വ്യക്തിപരമായ ബന്ധമാകുന്നു (യോഹ. 3:36). ക്രിസ്തു പാപികളുടെ ഏകരക്ഷകനാണ് (പ്രവൃ. 4:12; 1 തിമൊ. 2:5,6). യേശു എന്ന പേരിന്റെ അർത്ഥം രക്ഷകൻ എന്നാണ് (മത്താ. 1:21). സുവിശേഷങ്ങളിൽ 89 അദ്ധ്യായങ്ങൾ ഉണ്ട്. അതിൽ ക്രിസ്തുവിന്റെ 30 വയസ്സുവരെയുള്ള ചരിത്രം വിവരിക്കുവാൻ നാലോളം അദ്ധ്യായങ്ങൾ മാത്രമേയെടുത്തിട്ടുള്ളൂ. എന്നാൽ ക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങൾ വിശദമാക്കുവാൻ പതിനേഴോളം അദ്ധ്യായങ്ങൾ എടുത്തിരിക്കുന്നു. ശേഷം അദ്ധ്യായങ്ങളിൽ ക്രിസ്തുവിന്റെ പരസ്യശുശ്രൂഷയോടു ബന്ധപ്പെട്ട ചരിത്രം കാണാവുന്നതാണ്.

## ക്രിസ്തുവിനെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ

ക്രിസ്തുവിനെ ഒരു മതസ്ഥാപകനും പ്രവാചകനും ഗുരുവും നല്ല മനുഷ്യനുമായി അംഗീകരിക്കുന്നവർ ധാരാളമുണ്ട്. എന്നാൽ ബൈബിൾ ക്രിസ്തുവിനു നൽകുന്ന മുഖ്യസ്ഥാനം അവൻ ദൈവപുത്രനാകുന്നു എന്നതത്രെ (യോഹ. 20:31). ക്രിസ്തുവിനെ ദൈവപുത്രനായ രക്ഷിതാവായി സ്വീകരിക്കുന്നവർക്കു മാത്രമേ രക്ഷിക്കപ്പെടുവാൻ കഴിയുകയുള്ളൂ (യോഹ. 1:12,13). അവന്റെ ജീവിതം നമ്മുടെ മാതൃക ആയിരിക്കണം. അപ്പോൾ നമുക്ക് ക്രിസ്തുവിനെ ലോകത്തിനു വെളിപ്പെടുത്തുന്ന അവന്റെ ശിഷ്യന്മാർ ആകുവാൻ കഴിയും (1 പത്രൊ. 2:21). ക്രിസ്തുവിന്റെ മരണപുനരുത്ഥാനവും ജീവിതവും തുല്യപ്രാധാന്യമുള്ള വിഷയങ്ങളാകുന്നു. അവന്റെ ആളത്വമാഹാത്മ്യമാകുന്നു അവന്റെ മരണപുനരുത്ഥാനത്തിന്റെ നിസ്തുല്യ മഹിമ വ്യക്തമാക്കുന്നത്.

പുതിയനിയമത്തിലെ ആദ്യത്തെ മൂന്നു സുവിശേഷങ്ങളെ സമവീക്ഷണ സുവിശേഷങ്ങൾ എന്നു വിളിക്കുന്നു. ക്രിസ്തുവിന്റെ ജീവചരിത്ര ത്തിന്റെ സംക്ഷിപ്ത വിവരണം ആണ് അതിലുള്ളത്. യോഹന്നാന്റെ സുവി ശേഷം ക്രിസ്തുവിന്റെ ആളത്വമാഹാത്മ്യം വ്യക്തമാക്കുന്നു. ക്രിസ്തു ചെയ്ത അത്ഭുതപ്രവൃത്തികൾ വ്യക്തമാക്കിക്കൊണ്ട് അവൻ ദൈവപുത്രൻ ആണെന്ന് തെളിയിക്കുന്ന സുവിശേഷമാണിത്.

*********

# അപ്പൊസ്തലനായ പൗലൊസ്
# റോമർക്ക് എഴുതിയ ലേഖനം

## മുഖവുര

റോമാലേഖനം പുതിയനിയമത്തിലെ സുപ്രധാന ലേഖനമാകുന്നു. പുതിയനിയമ ഉപദേശസംഹിത, ദൈവ ശാസ്ത്ര ഗ്രന്ഥം, സുവിശേഷത്തിന്റെ വ്യാഖ്യാനം, പൗലൊസിന്റെ ഏറ്റവും മഹത്തായ ലേഖനം എന്നീ നില കളിൽ റോമാലേഖന പഠനം പുതിയനിയമ സത്യങ്ങളുടെ കവാടം തുറക്കുന്നു. മനുഷ്യൻ പാപിയാണ്. എന്നാൽ പാപത്തിന്റെ ശിക്ഷാവിധി ക്രിസ്തു സഹിക്കു കയും തന്റെ നീതി മനുഷ്യനു സൗജന്യമായി നൽകുകയും ചെയ്തു. ക്രിസ്തുവിന്റെ മരണപുനരുത്ഥാനത്തിൽ വിശ്വസിക്കുമ്പോൾ പാപി നീതീകരിക്കപ്പെടുന്നു. അങ്ങനെ രക്ഷിക്ക പ്പെട്ടവർ പരിശുദ്ധാത്മശക്തിയാൽ നീതിപൂർവ്വകമായ ഒരു ജീവിതം നയിക്കുവാൻ പ്രാപ്തരാകുന്നു. ഈ ലേഖന ത്തിൽ പാപിയുടെ വീണ്ടെടുപ്പ്, നീതീകരണം, വിശുദ്ധീകരണം, തേജസ്ക്കരണം, ദൈവത്തിന്റെ പരമാധികാരം, തിരഞ്ഞെടുപ്പ്, ദൈവിക നീതിയുടെ പ്രായോഗികാനുഷ്ഠാനങ്ങൾ എന്നിവ കാണാവുന്നതാണ്.

ലേഖനകർത്താവ് പൗലൊസാണ്. തന്റെ മൂന്നാമത്തെ മിഷ്യനറി യാത്രയിൽ കൊരിന്തിൽ വച്ചാണ് ഈ ലേഖനം എഴുതിയത് (എ.ഡി. 56–58). റോമിലെ സഭ പത്രൊസിന്റെ പ്രസംഗം കേട്ടു വിശ്വസിച്ചവരും കുടിയേറിപ്പാർത്ത വിശ്വാസികളും ചേർന്നു സ്ഥാപിതമായി എന്നു കരുതുന്നു. ഫേബയുടെ കൈവശം ഈ ലേഖനം റോമിലേക്കു കൊടുത്തയച്ചു (16:1,2). ഈ ലേഖനം എഴുതിയതിനു പല ഉദ്ദേശങ്ങൾ ഉണ്ടായിരുന്നു.

1. പുതിയനിയമ സഭയ്ക്ക് ഒരു എഴുതപ്പെട്ട ഉപദേശസംഹിത ഉണ്ടായിരിക്കണം.
2. സ്പെയിൻ തുടങ്ങിയ പാശ്ചാത്യരാജ്യങ്ങളിൽ ചെയ്യുവാൻ പോകുന്ന മിഷ്യനറി പ്രവർത്തനത്തിനു സഹാ യവും പ്രാർത്ഥനയും അഭ്യർത്ഥിക്കുവാൻ.
3. ജാതികളുടെ അപ്പൊസ്തലനായ പൗലൊസ് എത്രമാത്രം ലോകത്തിന്റെ തലസ്ഥാനമായ റോമൻ നഗരം സന്ദർശിക്കുവാൻ ആഗ്രഹിക്കുന്നു എന്നറിയിക്കുവാനും അങ്ങനെ റോമിലെ സഭയ്ക്ക് അപ്പൊസ്തലിക അംഗീ കാരം നൽകുവാനും ഈ ലേഖനം എഴുതി.

സഭാചരിത്രത്തിൽ നവീകരണവും ഉണർവ്വും ഉണ്ടാകുവാൻ റോമാലേഖന പഠനം ഇടയാക്കിയെന്നുള്ളതു ശ്രദ്ധാവഹമത്രെ. ഈ ലേഖനം പഠിക്കുന്നവർക്കു പുതിയനിയമ സത്യങ്ങൾ ഗ്രഹിക്കുവാൻ പ്രയാസമുണ്ടാകയില്ല.

## ലേഖന വിഭജനം

1. മനുഷ്യൻ പാപിയും ദൈവനീതി ആവശ്യമുള്ളവനും ആണ്. 1:1–3:20.
2. ക്രിസ്തുവിൽക്കൂടി ദൈവം നീതീകരിക്കുന്നു. 3:21–8:39.
3. യിസ്രായേലിനോടുള്ള ദൈവനീതിയുടെ ന്യായീകരണം. 9:1–11:36.
4. ദൈവിക നീതിയുടെ പ്രായോഗികാനുഷ്ഠാനങ്ങൾ. 12:1–16:26.

### അദ്ധ്യായം 1

## പൗലൊസിന്റെ വന്ദനം (1:1–7)

പൗലൊസ് ക്രിസ്തുവിന്റെ ദാസനും അപ്പൊസ്തലനും സുവിശേഷ ത്തിനായി വിളിച്ച് വേർതിരിക്കപ്പെട്ട വനും ആയിരുന്നു. കർത്താവിനോടു കണക്കുബോധിപ്പിക്കേണ്ടവർ ആണ് തന്റെ ദാസന്മാർ. അവർ വിശ്വസ്തസേ വനം ചെയ്യുവാൻ കടപ്പെട്ടവർ ആകുന്നു. പൗലൊസ് അപ്പൊസ്തലിക അധികാരം ഉള്ളവനായിരുന്നു. ക്രിസ്തുവി നാൽ തിരഞ്ഞെടുക്കപ്പെട്ടവൻ, കർത്താവിനെ കണ്ടവൻ, ദിവ്യ അരുളപ്പാടു ലഭിച്ചവൻ, കർത്താവിനാൽ നിയോഗി ക്കപ്പെട്ടവൻ എന്നീ യോഗ്യതകൾ അപ്പൊസ്തലനുള്ളതാണ്. സഭയുടെ അടിസ്ഥാനം അപ്പൊസ്തലന്മാരും പ്രവാ ചകന്മാരുമാണ്. അവരാണ് അടിസ്ഥാന ഉപദേശങ്ങൾ നല്കിയത്. പൗലൊസ് ജനനം മുതൽ വേർതിരിക്ക പ്പെട്ടവനാ ണ് (ഗലാ. 1:15). ദമാസ്ക്കസിലേക്കുള്ള വഴിയിൽ വച്ച് കർത്താവ് അവനെ വിളിച്ചു. പൗലൊസ് ജാതികളുടെ അപ്പൊസ്തലനായി വേർതിരിക്കപ്പെട്ടവനായിരുന്നു (പ്രവൃ. 9:15). സുവിശേഷം പൗലൊസിന് ഒരു നവീന ഉപ ദേശം ആയിരുന്നില്ല. അത് വാഗ്ദത്തം ചെയ്യപ്പെട്ട രക്ഷയുടെ ദൂതാണ്. അതു ക്രിസ്തുവിനെക്കുറിച്ചുള്ളതാണ്. അവൻ ദാവീദിന്റെ സന്തതിയായി ജനിച്ചു. ദാവീദിന്റെ സിംഹാസനത്തിൽ ഇരിക്കുവാൻ ക്രിസ്തു യോഗ്യനാണ്. അവന്റെ പുനരുത്ഥാനം ക്രിസ്തു ദൈവപുത്രൻ ആണെന്നുള്ളതിന്റെ പ്രഖ്യാപനം ആകുന്നു. പൗലൊസ് ദൈവവ ചനം അറിയിക്കുവാൻ കൃപ ലഭിച്ചവൻ ആയിരുന്നു. കേട്ട വചനം അനുസരിക്കുവാൻ നാം കടപ്പെട്ടവർ ആണ്. ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടവർ ദൈവത്തിനു പ്രിയരാണ്. ദൈവ വിളി കേട്ട് രക്ഷിക്കപ്പെട്ട ഏവരും വിശുദ്ധരാണ്. വിശുദ്ധർ എന്നതിന്റെ ആശയം ദൈവത്തിനായി വേർതിരിക്കപ്പെട്ടവർ എന്നാണ്. പൗലൊസ് ദൈവ മക്കളെ ആശംസിക്കുന്നതായി കാണാം. കൃപ ലഭിച്ചവർക്കു മാത്രമേ സമാധാനം ഉള്ളവർ ആകുവാൻ കഴിയുകയു

ള്ളൂ.

### പൗലൊസിന്റെ പ്രാർത്ഥന (1:8-15)

ഈ പ്രാർത്ഥന സ്തോത്രത്തോടുകൂടിയാണ് ആരംഭിക്കുന്നത്. റോമിലുള്ള ദൈവജനത്തിന്റെ വിശ്വാസം പ്രസിദ്ധമായിരുന്നു. പൗലൊസ് എപ്പോഴും പ്രാർത്ഥിക്കുന്നവൻ ആയിരുന്നു. പൗലൊസിന്റെ സേവനവും പ്രാർത്ഥനയും അന്യോന്യം ബന്ധമുള്ളതാണ്. അവൻ ദൈവഹിതത്തിനായി പ്രാർത്ഥിച്ചു. ദൈവജനത്തിന്റെ ആത്മിക വർദ്ധനവിനും പാപികൾ രക്ഷിക്കപ്പെടുവാനും സുവിശേഷഘോഷണത്തിനു സഹായികൾ ആകുവാനും പ്രാർത്ഥിച്ചു. തനിക്കു ലഭിച്ച സുവിശേഷം മറ്റുള്ളവരോടു പറയുവാൻ പൗലൊസു കടപ്പെട്ടവനായിരുന്നു. ക്രിസ്തുവിന്റെ സ്നേഹം അതിനായി അദ്ദേഹത്തെ നിർബന്ധിച്ചു. കൂടാതെ കർത്താവിന്റെ സാക്ഷി ആകുവാൻ എപ്പോഴും ഒരുങ്ങിയിരുന്ന മാനപാത്രമായിരുന്നു പൗലൊസ്. തനിക്കു സുവിശേഷത്തെക്കുറിച്ചു ലജ്ജയില്ലായിരുന്നു. ഈ സ്വഭാവങ്ങൾ നമുക്കും ഉണ്ടാകട്ടെ.

### സുവിശേഷത്തിന്റെ സവിശേഷതകൾ (1:16,17)

ലജ്ജിക്കാൻ ആവശ്യമില്ലാത്ത ദൂതാകുന്നു സുവിശേഷം. അന്നു ക്രിസ്ത്യാനികൾ വളരെ പീഡ അനുഭവിച്ചിരുന്നു. യെഹൂദനു സുവിശേഷം ഇടർച്ചയായിരുന്നു; യവനനു ഭോഷത്തവും. ക്രിസ്ത്യാനികളെ റോമക്കാർ നിരീശ്വരവാദികളായി കരുതിയിരുന്നു. അങ്ങനെ പലപ്പോഴും പൗലൊസിനു സുവിശേഷത്തെക്കുറിച്ചു ലജ്ജിക്കുവാൻ വളരെ കാര്യങ്ങൾ ഉണ്ടായിരുന്നു. എന്നാൽ സുവിശേഷം പാപിയെ രക്ഷിക്കുവാൻ ശക്തിയുള്ളതാണെന്നു പൗലൊസ് മനസ്സിലാക്കി. സുവിശേഷം എല്ലാവർക്കും ആവശ്യമുള്ള ദൂതാകുന്നു. അതു വിശ്വസിക്കുമ്പോൾ നമ്മെ നീതിമാന്മാരായി ദൈവം പ്രഖ്യാപിക്കുന്നു. സുവിശേഷം ദൈവത്തിന്റെ നീതിയെ വെളിപ്പെടുത്തുന്നു. ദൈവം വിശുദ്ധനാകുന്നു. അതിന്റെ അടിസ്ഥാനത്തിലാണു ദൈവം മനുഷ്യനോട് ഏർപ്പെടുന്നത്. ക്രിസ്തു നമ്മുടെ നീതിയാകുന്നു (2 കൊരി. 5:21). പാപികൾ രക്ഷിക്കപ്പെടുന്നത് ക്രിസ്തുവിൽ വിശ്വസിക്കുമ്പോഴാണ്. നാം ജീവിക്കുന്നതും വിശ്വാസത്താലാണ്. ആ ജീവിതം നീതി നിറഞ്ഞ ജീവിതം ആയിരിക്കണം. അതിനു നമ്മെ പ്രാപ്തരാക്കുന്നതുകൊണ്ടാണ് സുവിശേഷം ദൈവ ശക്തിയാകുന്നത്.

### സുവിശേഷത്തിന്റെ ആവശ്യകത (1:18 -32)

മനുഷ്യൻ അഭക്തനും അനീതി പ്രവർത്തിക്കുന്നവനും ആണ്. അവനെ നീതീകരിക്കുവാൻ ദൈവം നൽകിയ ദൂതാകുന്നു സുവിശേഷം. മനുഷ്യവർഗ്ഗം മൊത്തത്തിൽ അധർമ്മം ചെയ്തു ദൈവകോപത്തിനു യോഗ്യരായി കഴിയുന്നു. അഭക്തർ ദൈവത്തിന്റെ ആളത്വത്തെ നിഷേധിക്കുന്നു. അനീതി ദൈവപ്രമാണങ്ങളെ ലംഘിക്കുന്നതാണ്. അവരുടെ മേൽ ദൈവക്രോധം വെളിപ്പെടുന്നു. ദൈവക്രോധം പാപത്തോടുള്ള ദൈവത്തിന്റെ മനോഭാവം ആകുന്നു. ദൈവം പാപത്തെ വെറുക്കുകയും പാപിയെ സ്നേഹിക്കുകയും ചെയ്യുന്നു. ദൈവം തന്റെ ശക്തിയും ദിവ്യത്വവും പ്രകൃതിയിൽ വെളിപ്പെടുത്തുന്നു (സങ്കീ. 19:1-6). മനുഷ്യന്റെ മനഃസാക്ഷി ദൈവത്തെക്കുറിച്ച് അറിവു നല്കുന്ന അലാറം ആകുന്നു. എന്നാൽ അവൻ ദൈവത്തിനു മഹത്വം നൽകിയില്ല. ആത്മീയ അന്ധത അവനെ വിഗ്രഹാരാധിയാക്കി. സത്യത്തെ അംഗീകരിക്കാത്തവർ വിഗ്രഹാരാധനയ്ക്ക് അടിമകൾ ആകും. ദൈവത്തിന് ഉപരിയായി ജീവിതത്തിൽ പ്രാധാന്യം നൽകുന്നതൊക്കെയും വിഗ്രഹാരാധന ആകുന്നു. ദൈവിക വെളിപ്പാടു മനഃപൂർവ്വമായി നിഷേധിക്കുന്നവർക്കുണ്ടാകുന്ന അനുഭവം ദുഃഖകരമാകുന്നു. അവരോടു ദൈവാത്മാവ് എന്നും വാദിച്ചുകൊണ്ടിരിക്കുകയില്ല. വിഗ്രഹാരാധന ദുർന്നടപ്പിലേക്കു മനുഷ്യനെ നയിക്കും. ദൈവത്തെ പരിജ്ഞാനത്തിൽ അംഗീകരിക്കാത്തവർ അങ്ങനെ നിരീശ്വരത്വം, അഭക്തി, നികൃഷ്ടബുദ്ധി, ദുർന്നടപ്പ് എന്നിവയിൽ ചെന്നവസാനിക്കുന്നു. അവർ പാപപ്രവൃത്തികൾ ചെയ്ക മാത്രമല്ല അതു ചെയ്യുവാൻ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. അവർ ശിക്ഷായോഗ്യർ ആണെന്ന് അറിവുള്ളവരാണ്. അതുകൊണ്ട് സുവിശേഷം കേൾക്കാത്തവർക്കും ഒഴികഴിവില്ല. സുവിശേഷം ഏവർക്കും ആവശ്യമുള്ള ദൂതാകുന്നു.

## അദ്ധ്യായം 2

### ധാർമ്മിക മനുഷ്യനും സുവിശേഷം ആവശ്യമുണ്ട് (2:1-16)

കഴിഞ്ഞ അദ്ധ്യായത്തിൽ സുവിശേഷം കേൾക്കാത്ത പ്രാകൃത മനുഷ്യനെക്കുറിച്ചു കണ്ടു. അവൻ സുവിശേഷം ആവശ്യമുള്ളവനാണ്. ധാർമ്മിക മനുഷ്യൻ മതഭക്തനാണ്. മറ്റുള്ളവരെ കുറ്റം വിധിക്കുന്നതുതന്നെ അവൻ ചെയ്യുന്നു (മത്താ. 5:27,28). ഹൃദയത്തിൽ പാപം സംഗ്രഹിക്കുന്നതു ശിക്ഷായോഗ്യമാണ് (മർക്കൊ. 7:20-23, 1 യോഹ. 3:15). ദൈവം നീതിയുള്ള ന്യായാധിപൻ ആകുന്നു. ധാർമ്മിക മനുഷ്യൻ ദൈവത്തിന്റെ ദയയെ അഗണ്യമാക്കുന്നു. മുഖപക്ഷമില്ലാത്ത ദൈവം അവനെ ന്യായം വിധിക്കും. എന്നാൽ ക്രിസ്തുവിൽ വിശ്വസിക്കുന്നവർ നിത്യജീവനും ശാശ്വതമഹത്വവും പ്രാപിക്കും. ദൈവം പ്രസാദിക്കുന്ന നല്ല പ്രവൃത്തി ക്രിസ്തുവിൽ വിശ്വസിക്കുന്നതാണ് (യോഹ. 6:29).

പ്രാകൃതമനുഷ്യൻ ദൈവകല്പന ലഭിക്കാത്തവൻ ആണെങ്കിലും മനഃ സാക്ഷിയിൽ ദൈവത്തെക്കുറിച്ച്

അറിവുള്ളവനാണ്. ധാർമ്മിക മനുഷ്യൻ ദൈവകല്പന ലഭിച്ചവൻ ആകുന്നു. രഹസ്യങ്ങളെ അറിയുന്ന കർത്താവ് അവരെ നീതിയോടെ വിധിക്കും. അതുകൊണ്ട് കപടഭക്തിയിൽ കഴിയുന്ന ധാർമ്മിക മനുഷ്യനും സുവിശേഷം ആവശ്യമാകുന്നു.

### യെഹൂദൻ പാപിയാകുന്നു (2:17–29)

യെഹൂദൻ ന്യായപ്രമാണം ലഭിച്ചവൻ ആണ്. അവൻ ദൈവേഷ്ടം അറിഞ്ഞവനും ജാതികൾക്കു വഴികാട്ടിയും ആയിരിക്കുന്നു. അവൻ അന്യനെ ഉപദേശിക്കുന്നവനെങ്കിലും ന്യായപ്രമാണം ലംഘിച്ച് ദൈവത്തെ അപമാനിക്കുന്നു. അങ്ങനെ ദൈവനാമം ജാതികളുടെ ഇടയിൽ ദുഷിക്കപ്പെടുന്നു. ഇന്നത്തെ ക്രൈസ്തവലോകത്തെ ഇതു കാണിക്കുന്നു. യെഹൂദർ കേവലം ആചാരപ്രകാരം ജീവിക്കുന്നതുകൊണ്ട് ദൈവത്തിൽനിന്നും പുകഴ്ച ലഭിക്കുന്നില്ല. ന്യായപ്രമാണം അനുസരിക്കാത്ത യെഹൂദൻ മറ്റുള്ളവരേക്കാൾ ശ്രേഷ്ഠൻ അല്ല. ദൈവം ഹൃദയങ്ങളെ അറിയുന്നു.

## അദ്ധ്യായം 3

(3:1–8) യെഹൂദർ ദൈവത്തോട് കടപ്പെട്ടവരാണ്. അവർ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവർ ആകുന്നു. അവർക്ക് ദൈവത്തിന്റെ അരുളപ്പാടു ലഭിച്ചു. പരിച്ഛേദന ദൈവം യിസ്രായേലിനോടു ചെയ്ത ഉടമ്പടിയെ കാണിക്കുന്നു. എന്നാൽ ക്രിസ്തുവിനെക്കുറിച്ചുള്ള അരുളപ്പാട് അവർ അവഗണിച്ചു. അവർ അവിശ്വാസമുള്ളവരെങ്കിലും ദൈവം വിശ്വസ്തൻ ആകുന്നു. എന്നാൽ ദൈവം പാപത്തിനു ശിക്ഷ നൽകും. രക്ഷിക്കപ്പെട്ടവർ പാപജീവിതം നയിക്കുവാൻ ദൈവം അനുവദിക്കുന്നില്ല.

### എല്ലാവരും പാപികൾ ആകുന്നു (3:9–20)

പ്രാകൃത മനുഷ്യനും ധാർമ്മിക മനുഷ്യനും യെഹൂദനും പാപികളാകുന്നു. അവർ ദൈവകല്പനാ ലംഘികളാണ്. 'നീതിമാൻ ആരുമില്ല; ഒരു ത്തൻ പോലുമില്ല.' എല്ലാവരും പാപത്തിന്റെ ശക്തിക്കും ശിക്ഷയ്ക്കും അടിമകൾ ആകുന്നു. മനുഷ്യരെക്കുറിച്ചുള്ള ദൈവത്തിൻെറ വിവരണമാണ് 3:10–18 വാക്യങ്ങളിൽ കാണുന്നത്. ലോകം ഒന്നടങ്കം പാപത്തിന്റെ ശിക്ഷാവിധിക്കു കീഴിലാകുന്നു. സർവ്വജ്ഞാനിയായ ദൈവത്തിന്റെ മുമ്പിൽ എല്ലാ വായും അടയും. ന്യായപ്രമാണം അനുസരിച്ച് ആർക്കും നീതീകരിക്കുവാൻ കഴിയുന്ന തല്ല. ന്യായപ്രമാണം പാപത്തെക്കുറിച്ചുള്ള പരിജ്ഞാനം മാത്രമേ നൽകുന്നുള്ളൂ. ആ പരിജ്ഞാനം പാപിയെ ക്രിസ്തുവിലേക്കു നടത്തുന്നു. ഇവിടെ പാപക്ഷമയുടെ ആവശ്യം ചൂണ്ടിക്കാണിക്കുകയാണ് ലേഖനകർത്താവ്. അതു ദൈവം തന്റെ നിത്യസ്നേഹത്താൽ ക്രിസ്തുവിൽ ഒരുക്കിയിരിക്കുന്നു. ദൈവകൃപയെ അംഗീകരിക്കുന്നവർക്കു പാപക്ഷമയും നിത്യജീവനും ലഭിക്കുന്നു. സുവിശേഷം ദൈവകൃപയുടെ സന്ദേശം ആണ്. അതു ലോകത്തെ അറിയിക്കുവാനുള്ള നിയോഗം ലഭിച്ചവരാണ് ക്രിസ്ത്യാനികൾ.

### നീതീകരണം കൃപയാൽ വിശ്വാസം മൂലം (3:21–31)

പാപിയായ മനുഷ്യൻ നീതീകരിക്കപ്പെടുന്നത് വിശ്വാസത്താലാണ്. അതിനു ദൈവം തന്റെ കൃപയാൽ ക്രിസ്തുവിൽക്കൂടി വീണ്ടെടുപ്പ് സാധിപ്പിച്ചു. ക്രിസ്തുവിന്റെ പ്രായശ്ചിത്ത മരണത്തിന്റെ അടിസ്ഥാനത്തിലാണ് പാപി നീതീകരിക്കപ്പെടുന്നത്. ക്രൂശിൽ അതിപ്പോൾ വെളിപ്പെടുത്തുവാൻ ദൈവം പ്രസാദിച്ചു. ജാതി-മത-കാല വ്യത്യാസം കൂടാതെ രക്ഷിക്കപ്പെടുവാൻ ദൈവം ഒരുക്കിയിട്ടുള്ള ഏകമാർഗ്ഗം അതാകുന്നു. സൽപ്രവൃത്തി മൂലം നീതിമാനാകാൻ മനുഷ്യൻ നടത്തിയ ശ്രമം പരാജയപ്പെട്ടു. പാപിയെ കുറ്റമില്ലാത്തവനായി പ്രഖ്യാപിക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന പ്രവൃത്തിയാണ് നീതീകരണം. ക്രിസ്തു പാപത്തിന്റെ ശിക്ഷ അനുഭവിച്ചു എന്നതാണ് അതിന്റെ അടിസ്ഥാനം. ക്രിസ്തു നമുക്ക് പകരം ദൈവകല്പന പൂർണ്ണമായി അനുസരിച്ച് ദൈവനീതിയായി തീർന്നു. അവനിൽ വിശ്വസിക്കുന്നതുമൂലം നാം നീതീകരിക്കപ്പെടുന്നു (റോമർ 1:17, 1 കൊരി. 1:30, പ്രവൃ. 4:12).

പാപം ചെയ്ത മനുഷ്യനു ദൈവതേജസ്സു നഷ്ടപ്പെട്ടു. ക്രിസ്തുവിൽ ആ തേജസ്സ് വെളിപ്പെട്ടിരിക്കുന്നു (യോഹ. 1:14). ക്രിസ്തു പാപരഹിതൻ ആകുന്നു. നമ്മെ നീതീകരിച്ച് പാപവിമോചകരാക്കുവാൻ അവൻ പാപത്തിന്റെ ശിക്ഷയും ശാപവും സഹിച്ചു. പാപി നീതീകരിക്കപ്പെടുന്നത് കൃപയാൽ സൗജന്യമായിട്ടാണ്. ക്രിസ്തു തന്റെ രക്തം മൂലം നമ്മെ വീണ്ടെടുത്തു. വീണ്ടെടുപ്പുകൊണ്ടുള്ള ആശയം പാപത്തിന്റെ അടിമത്തത്തിൽനിന്നും വിലയ്ക്കു വാങ്ങി എന്നതാണ്. ക്രിസ്തു നമ്മുടെ പാപത്തിന്റെ പ്രായശ്ചിത്തമാകുന്നു. അതുകൊണ്ട് നമുക്ക് ദൈവത്തോടു സമാധാനമുള്ളവർ ആകുവാൻ കഴിഞ്ഞു. നമ്മുടെ പാപത്തിന്റെ ശിക്ഷ ക്ഷമിച്ചു, ദൈവത്തോടു കൂട്ടായ്മ ഉള്ളവർ ആകുവാൻ ഇടയായി. പഴയനിയമ കാലത്ത് യാഗങ്ങൾ പാപത്തെ മൂടുക മാത്രമാണ് ചെയ്തിരുന്നത്. അത് ക്രിസ്തുവിന്റെ ക്രൂശുമരണത്തിന്റെ നിഴലായിരുന്നു. എന്നാൽ ക്രൂശിലെ മരണം പാപത്തിനു നിത്യ മായ പരിഹാരം വരുത്തിയിരിക്കുന്നു. അതുകൊണ്ട് പാപിക്കു സൽപ്രവൃത്തികളിൽ പ്രശംസിക്കുവാൻ കഴിയുന്നതല്ല. പാപി നീതീകരിക്കപ്പെടുന്നത് കൃപയാൽ വിശ്വാസം മൂലമാണ് (എഫെ. 2:8,9). യെഹൂദനേയും ജാതികളേയും നീതീകരിക്കുന്നത് ഒരു ദൈവമാണ്. ക്രിസ്തുവിലുള്ള വിശ്വാസം നമ്മെ ഒന്നാക്കിത്തീർക്കുന്നു. ക്രിസ്തു ന്യായപ്രമാണം അനുസരിച്ചു. ക്രിസ്തുവിൽ വിശ്വസിക്കുന്നവർ ന്യായപ്രമാണത്തെ ഉറപ്പിക്കുന്നു.

## അദ്ധ്യായം 4

ന്യായപ്രമാണം അനുസരിച്ചല്ല പ്രത്യുത കൃപയാൽ വിശ്വാസം മൂലമാണ് പാപി നീതീകരിക്കപ്പെടുന്നത് എന്നു നാം മൂന്നാം അദ്ധ്യായത്തിൽ കണ്ടു. പഴയനിയമ കാലത്തും നീതീകരണം വിശ്വാസത്താലായിരുന്നു എന്നു നാലാം അദ്ധ്യായത്തിൽ വ്യക്തമാക്കുന്നു. യെഹൂദന്മാരോട് ഏകീഭവിച്ചുകൊണ്ടു തിരുവെഴുത്തിൽനിന്നും ഈ സത്യം ചൂണ്ടിക്കാണിക്കുന്നത് ശ്രദ്ധേയമാണ്.

### അബ്രഹാം വിശ്വാസത്താൽ നീതീകരിക്കപ്പെട്ടു (4:1-15)

ന്യായപ്രമാണത്തിന് മുമ്പ് ജീവിച്ച വ്യക്തിയാണ് അബ്രഹാം. എങ്ങനെ താൻ ദൈവത്തെ പ്രസാദിപ്പിച്ചു എന്ന് ഉല്പത്തി 15:6 ൽ കാണുന്നു. അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു. അത് അവനു നീതിയായി കണക്കിട്ടു. അബ്രഹാം താൻ ചെയ്ത ഏതെങ്കിലും നന്മപ്രവൃത്തികൊണ്ടല്ല നീതീകരിക്ക പ്പെട്ടത്. അങ്ങനെ ആയിരുന്നെങ്കിൽ അതു ദാനമാകുകയില്ല. തനിക്കു പ്രശംസിക്കുവാൻ കഴിയുമായിരുന്നു. ദൈവം നീതീകരിക്കുന്നവനെക്കുറിച്ചു പറയുന്നത്, “പ്രവർത്തിക്കാത്തവൻ എങ്കിലും അഭക്തനെ നീതീകരിക്കുന്നവനിൽ വിശ്വസിക്കുന്നവനോ അവന്റെ വിശ്വാസം നീതിയായി കണക്കിടുന്നു” എന്നത്രെ (4:5). ദാവീദ് ന്യായപ്രമാണത്തിന്റെ ശേഷം ജീവിച്ച രാജാവാണ്. ദാവീദു നീതീകരിക്കപ്പെട്ടതും കൃപയാലായിരുന്നു എന്നു തെളിയിക്കുവാൻ സങ്കീർത്തനം 32:1,2 വാക്യങ്ങൾ ഇവിടെ ഉദ്ധരിച്ചിരിക്കുന്നു. രണ്ടു സാക്ഷി കളുടെ വാമൊഴിയാൽ ഏതു കാര്യവും ഉറപ്പാക്കാമല്ലോ (ആവ. 19:15). ക്രിസ്തു നമ്മുടെ പാപത്തിന്റെ ശിക്ഷ സഹിച്ചു മരിച്ചതുകൊണ്ടാണ് അതു ദൈവം നമ്മോട് കണക്കിടാത്തത് (യെശ. 53:5, 1 പത്രൊ. 2:24,25). ന്യായപ്രമാണത്താൽ ആരും നീതീകരിക്കപ്പെടുന്നില്ല. പരിച്ഛേദന മൂലവും നീതീകരണം സാദ്ധ്യമല്ല. അബ്രഹാം നീതീകരിക്കപ്പെട്ടത് പരിച്ഛേദനയ്ക്കു മുമ്പാണ്. അബ്രഹാം വിശ്വാസികളുടെ പിതാവാണ്. അതുകൊണ്ടുള്ള ആശയം അബ്രഹാമിനെപ്പോലെ നാമും വിശ്വാസത്താലാണ് നീതീകരിക്കപ്പെടുന്നത് എന്നാണ്.

### വിശ്വാസത്താൽ അവകാശികൾ (4:16)

അബ്രഹാമിനു വാഗ്ദത്തം ലഭിച്ചത് പരിച്ഛേദനയ്ക്കു മുൻപായിരുന്നു. പലസ്തീൻ അവകാശമാക്കാനുള്ളതായിരുന്നു അത് (ഉല്പ.15:18-21). എന്നാൽ അബ്രഹാമും അവന്റെ സന്തതിയും ലോകാവകാശികൾ ആകും എന്നുള്ളത് ക്രിസ്തുവിൽ മാത്രം നിവൃത്തിയാകും. അവൻ മാത്രമാണ് ന്യായപ്രമാണം മുഴുവനായും അനുസരിച്ചത്. അബ്രഹാമിന്റെ സന്തതി ക്രിസ്തുവാണ് (ഗലാ. 3:16). സഹസ്രാബ്ദ വാഴ്ചയിൽ ഈ വാഗ്ദത്തം പൂർണ്ണമാകും (വെളി. 19:16). അന്നു ക്രിസ്തുവിൽ വിശ്വസിക്കുന്നവർ അവനോടു കൂട്ടവകാശികൾ ആയി വാഴും (റോമർ 8:17). ന്യായപ്രമാണം അനുസരിക്കുവാൻ ശ്രമിക്കുന്നവർ ശിക്ഷായോഗ്യർ ആകും. ന്യായപ്രമാണം പാപത്തെക്കുറിച്ചുള്ള പരിജ്ഞാനം മാത്രമാണ് നല്കുന്നത് (3:20, 5:20, 7:7). അതു ക്രിസ്തുവിങ്കലേക്കു നമ്മെ നടത്തുന്ന ശിശുപാലകൻ ആണ് (ഗലാ. 3:24). അതിനു പാപമോചനം നല്കുവാൻ കഴിവില്ല. കൃപയാൽ വിശ്വാസം മൂലമാണ് നാം അവകാശികൾ ആകുന്നത് അഥവാ രക്ഷിക്കപ്പെടുന്നത്.

### അബ്രഹാമിന്റെ വിശ്വാസം (4:17-25)

അതു ദൈവവാഗ്ദത്തങ്ങളിൽ വിശ്വസിക്കുന്നതായിരുന്നു; ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ വിളിക്കുന്ന ദൈവത്തിലുള്ളതായിരുന്നു. ആശ യ്ക്കു വിരോധമായി ആശയോടെ വിശ്വസിച്ചു. അതു ക്ഷീണിക്കാത്ത വിശ്വാസമായിരുന്നു. ദൈവത്തിൽ ശക്തിപ്പെട്ടു ദൈവത്തിനു മഹത്വം നൽകുന്ന വിശ്വാസമായിരുന്നു അബ്രഹാമിന്റേത്. വൃദ്ധനായ തനിക്കു മകനുണ്ടാകുമെന്നും താൻ ബഹുജാതികൾക്ക് പിതാവാകുമെന്നും ദൈവം വാഗ്ദത്തം ചെയ്തത് അബ്രഹാം വിശ്വസിച്ചു. ദൈവം സർവ്വശക്തനാണെന്നുള്ള അറി വായിരുന്നു അതിന്റെ അടിസ്ഥാനം. അതു യുക്തിരഹിതമായ വിശ്വാസമായിരു ന്നില്ല. അബ്രഹാം നീതീകരിക്കപ്പെട്ടതുപോലെ ദൈവവാഗ്ദത്തങ്ങളിൽ വിശ്വസിക്കുന്ന ഏവരും നീതീകരിക്കപ്പെടും. ക്രിസ്തു നമ്മുടെ അതിക്രമ ങ്ങൾ നിമിത്തം മരണത്തിന് ഏല്പിച്ചുകൊടുത്തു. നമ്മെ നീതീകരിക്കുവാൻ അവൻ ഉയിർപ്പിക്കപ്പെട്ടു. അതു വിശ്വസിക്കുന്നവർ അബ്രഹാം അനുഭവിച്ചതുപോലെയുള്ള ഉയിർത്തെഴുന്നേല്പിൻ ശക്തിയുള്ളവരാകും.

നമ്മുടെ സൽപ്രവൃത്തികൾ ദൈവദൃഷ്ടിയിൽ കുറവുള്ളതാണ്. ക്രിസ്തുവാണ് നമ്മുടെ മാനദണ്ഡം. പാപിയായ മനുഷ്യനോടു ദൈവത്തിനു സ്നേഹവും ദയയും തോന്നി. അതാണ് അവന്റെ കൃപ. അതിന്റെ അടിസ്ഥാനത്തിൽ ക്രിസ്തുവിന്റെ മരണപുനരുത്ഥാനം മൂലം നമുക്കു പാപമോചനവും നീതീകരണവും ഒരുക്കി. അതു വിശ്വാസത്താൽ അംഗീകരിക്കുന്നവൻ രക്ഷിക്കപ്പെടും. ഈ വലിയ രക്ഷ താങ്കൾ സ്വീകരിച്ചിട്ടുണ്ടോ?

## അദ്ധ്യായം 5

### സുവിശേഷം മൂലമുള്ള അനുഗ്രഹങ്ങൾ (5:1-11)

1. സുവിശേഷത്തിൽ വിശ്വസിക്കുന്നതു മൂലമാണ് പാപി നീതീകരിക്കപ്പെ ടുന്നത്. തൽഫലമായി അവനു ദൈവത്തോട് സമാധാനമുള്ളവൻ ആകുവാൻ കഴിയും. ക്രിസ്തുവാണ് ഏകമദ്ധ്യസ്ഥൻ (1 തിമൊ. 2:5,6). ദൈവത്തോടുള്ള ശത്രുത്വം ഇന്നു മാറ്റപ്പെട്ടിരിക്കുന്നു. കർത്താവിനെ അനുസരിക്കുന്നവർക്ക് ദിവ്യസമാധാനം അനു

ഭവിക്കുവാൻ കഴിയും (എഫെ. 2:13-18).

2. ദൈവസന്നിധിയിൽ പ്രവേശനം; നീതീകരണം മൂലമുണ്ടാകുന്ന രണ്ടാമത്തെ അനുഗ്രഹമാണിത്. ക്രിസ്തുവിൽ നമുക്ക് പ്രവേശനം ലഭിച്ചിരിക്കയാൽ അതു നിത്യവും സമ്പൂർണ്ണവും ആകുന്നു. അവൻ സകലതടസ്സങ്ങളും മാറ്റി നമ്മെ സ്വതന്ത്രരാക്കി; ദൈവകൂട്ടായ്മ അനുഭവിക്കുവാൻ നാം യോഗ്യത ഉള്ളവരായി. നാം ദൈവകൃപയിൽ നിൽക്കുന്നതു ക്രിസ്തു മൂലമാകുന്നു.
3. നീതീകരിക്കപ്പെട്ടവർ അവർക്കു ലഭിക്കുവാൻ പോകുന്ന ദൈവതേജസ്സിൽ പ്രത്യാശ വച്ചു പ്രശംസിക്കുന്നവർ ആണ്. പാപം ചെയ്തതിന്റെ ഫലമായി നമുക്കു ദൈവതേജസ്സു നഷ്ടപ്പെട്ടു (റോമർ 3:23). രക്ഷിക്കപ്പെട്ടവർ ക്രിസ്തുവിനോടു സമന്മാർ ആകും (റോമർ 8:29). ആ പ്രത്യാശ യിൽ നാം പ്രശംസിക്കുന്നവർ ആകണം.
4. കഷ്ടങ്ങളിൽ പ്രശംസിക്കുന്നു. ക്രിസ്തീയ ജീവിതത്തിൽ കഷ്ടത ഉണ്ടാകുന്നതു കർത്താവിനെ രുചിച്ചറിയുവാൻ മുഖാന്തരമായിത്തീരുന്നു. കഷ്ടത സഹിഷ്ണുതയെ ഉളവാക്കുന്നു. അതു പരിശുദ്ധാത്മാവു നമ്മിൽ പ്രവർത്തിക്കുന്നു എന്നുള്ളതിന്റെ തെളിവാണ്. കൂടാതെ വരുവാനുള്ള തേജസ്സിനെക്കുറിച്ചുള്ള പ്രത്യാശ കഷ്ടത സഹിക്കുവാൻ നമ്മെ ബലമുള്ളവർ ആക്കുന്നു (റോമ. 8:17; എബ്രാ. 12:2).
5. "പ്രത്യാശയ്ക്കു ഭംഗം വരുന്നില്ല" (5:5). നീതീകരിക്കപ്പെട്ടവർ വരുവാനുള്ള തേജസ്സിൽ പ്രത്യാശയുള്ളവരാണ്. അവർക്ക് ലഭിച്ച പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ് അവരെ അതിനു ബലമുള്ളവരാക്കുന്നത്. പരിശുദ്ധാത്മാവു ദൈവസ്നേഹത്തെക്കുറിച്ച് നമ്മെ ബോദ്ധ്യമുള്ളവരാക്കുന്നു. രക്ഷിക്കപ്പെടുന്ന ഏവർക്കും പരിശുദ്ധാത്മാവിനെ നൽകി യിരിക്കുന്നു. തൽഫലമായി അവർ നീതീകരിക്കപ്പെട്ടു. ദൈവസ്നേഹത്തിന്റെ അനുഭവമുള്ളവരായി രക്ഷയെക്കുറിച്ചുള്ള ഉറപ്പ് അവർക്കു ണ്ടാകുന്നു (ഫിലി. 1:4). ദൈവം ശത്രുക്കളും ബലഹീനരുമായ നമ്മെ സ്നേഹിച്ചു. അതാണ് ദൈവകൃപ. സ്നേഹിക്കുവാൻ മതിയായ യോഗ്യത ഒന്നും തന്നെ നമുക്ക് ഉണ്ടായിരുന്നില്ല. അങ്ങനെ ഉള്ളവരെ സ്നേഹിക്കുവാൻ ദൈവം നിത്യതയിൽ തന്നെ നിശ്ചയിച്ചു. ലോകം സ്നേഹിക്കുന്നവരെ സ്നേഹിക്കുന്നു. ദൈവം ശത്രുക്കളെ സ്നേഹിച്ചു. ആ സ്നേഹത്തിന്റെ പ്രദർശനമാണ് ക്രൂശിൽ കാണുന്നത്. വിശ്വാസത്താൽ ക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി അംഗീകരിക്കുമ്പോൾ നാം ദൈവസ്നേഹത്തിന്റെ പാത്രങ്ങൾ ആകും. നാം ദൈവത്തിന്റെ പ്രിയ മക്കൾ ആകും. പ്രിയ സ്നേഹിതാ, താങ്കൾ ഈ വലിയ രക്ഷയുടെ അനുഭവമുള്ളവനാണോ?
6. നീതീകരിക്കപ്പെട്ടവർ വരുവാനുള്ള ദൈവകോപത്തിൽനിന്നും രക്ഷിക്കപ്പെട്ടവർ ആണ് (5:9). രക്ഷിക്കപ്പെടാത്തവർ ദൈവക്രോധത്തിൻ കീഴിൽ കഴിയുന്നു (യോഹ. 3:36). അതു പാപത്തോടുള്ള ദൈവത്തിന്റെ മനോഭാവത്തെ ചൂണ്ടിക്കാണിക്കുന്നു. ക്രിസ്തു കുരിശിൽ നമ്മുടെ പാപത്തിന്റെ ശിക്ഷ സഹിച്ചു. നീതീകരിക്കപ്പെട്ടവർ ദൈവകോപത്തിനായി നിയമിക്കപ്പെട്ടവർ അല്ല (1 തെസ്സ. 5:9). അതുകൊണ്ട് സമാധാനവും ദൈവസന്നിധിയിൽ പ്രവേശനവും നമുക്കുണ്ട്.
7. നീതീകരിക്കപ്പെട്ടവർ ദൈവത്തോടു നിരപ്പു പ്രാപിച്ചവർ ആണ് (5:10). ഒരിക്കൽ നാം പാപികളും ദൈവകൂട്ടായ്മ ഇല്ലാത്തവരുമായിരുന്നു.എന്നാൽ കൃപയാൽ ക്രിസ്തുവിന്റെ മരണം മൂലം നാം ദൈവത്തോടു സമാധാനമുള്ളവർ ആയി. ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു. നമ്മുടെ നീതീകരണത്തിനായി ഉയിർത്തെഴുന്നേറ്റു. ക്രിസ്തു നമ്മുടെ മഹാപുരോഹിതനായി ജീവിക്കുന്നു. അതുമൂലം സമൃദ്ധിയായ ആത്മീയ അനുഭവമുള്ളവരാകുവാൻ അവൻ നമ്മെ പ്രാപ്തരാക്കുന്നു. ഉയിർത്തെഴുന്നേറ്റ ക്രിസ്തു നമുക്കു പാപത്തിന്റെ മേൽ വിജയം നൽകുവാൻ ശക്തിയുള്ളവനാണ്. കർത്താവിനെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുമ്പോൾ നാം സമൃദ്ധിയായ ജീവന്റെ അനു ഭവക്കാരാകും (എബ്രാ. 7:25).
8. നീതീകരിക്കപ്പെട്ടവർ ദൈവത്തിൽ സന്തോഷിക്കുന്നവർ ആകും (5:11). ഇവിടെ പ്രശംസിക്കുക എന്ന ആശയം സന്തോഷത്തെ കാണിക്കുന്നു. നീതീകരിക്കപ്പെട്ടവർ അനുഗ്രഹങ്ങളിൽ സന്തോഷിക്കുന്നവർ ആണ്. എന്നാൽ അനുഗ്രഹദാതാവിൽ പ്രശംസിക്കുന്നവരും ആയിരിക്കണം. രക്ഷിക്കപ്പെടുന്നതിനു മുമ്പ് നാം ജഡികമോഹങ്ങളിൽ സന്തോഷിക്കുന്നവർ ആയിരുന്നു. ഇന്ന് ക്രിസ്തുവിൽ നാം ആയിത്തീർന്നിരിക്കയാൽ ദൈവത്തിൽ സന്തോഷിക്കുവാൻ പ്രാപ്തരായിത്തീർന്നു. കർത്താവിൽക്കൂടിയാണ് നാം സർവ്വ അനുഗ്രഹവും പ്രാപിക്കുന്നത്. ദൈവ ത്തിൽ സന്തോഷിക്കുമ്പോൾ അവന്റെ വചനവും ദൈവമക്കളും നമ്മുടെ ആനന്ദവിഷയം ആകും. കൃപയാൽ വിശ്വാസം മൂലം നീതീകരിക്കപ്പെട്ടവർ എത്ര ഭാഗ്യവാന്മാർ!

## ക്രിസ്തുവിന്റെ അനുസരണം

## നീതീകരണത്തിന്റെ അടിസ്ഥാനം (5:12-21)

മനുഷ്യവർഗ്ഗം ആദാമ്യസന്തതിയാണ്. ആദാം ദൈവകല്പന ലംഘിച്ചതിന്റെ ഫലമായി പാപിയായി. പാപത്തിന്റെ ശിക്ഷ മരണം ആകുന്നു. ആദാമ്യ ലംഘനഫലമായി മനുഷ്യവർഗ്ഗവും പാപത്തിന് അടിമകൾ ആകുന്നു. തൽഫലമായി മരണം എല്ലാവരുടെമേലും വാഴുന്നു (ഉല്പ. 3).

യേശുക്രിസ്തുവിനെ ഒടുക്കത്തെ ആദാമായി ഇവിടെ ചിത്രീകരിച്ചിരിക്കുന്നു. ക്രിസ്തുവിന്റെ അനുസരണഫലമായി സകല മനുഷ്യർക്കും നീതീകരണം വന്നു. ആദാം ക്രിസ്തുവിന്റെ നിഴലാണ്. ദൈവകൃപ ക്രിസ്തുവിൽക്കൂടിയുള്ള നീതീകരണത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു. അതു മുഖാന്തരം ലഭിക്കുന്ന അനുഗ്രഹങ്ങൾ വളരെ ആകുന്നു (5:1-11). ക്രിസ്തു മനുഷ്യവർഗ്ഗത്തിൻെറ പ്രതിനിധിയായി മരണം സഹിച്ചു. അതുകൊണ്ട് അവ

നിൽ വിശ്വസിക്കുന്നവർക്ക് ശിക്ഷയില്ല. ക്രിസ്തു ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നു. അതുകൊണ്ട് അവനിൽ വിശ്വസിക്കുന്നവർക്ക് സമൃദ്ധിയായ ജീവൻ ലഭിക്കുന്നു. പാപത്തിന്റെ ശിക്ഷയ്ക്കു കാരണം ആദാമ്യലംഘനം ആണ് (1 കൊരി. 15:22). കുഞ്ഞുങ്ങൾ മരിക്കുന്നതു സ്വന്തപാപം മൂലമല്ല, ആദാമ്യപാപത്തിന്റെ ഫലമായിട്ടാണ് (റോമർ 9:11). ഒരുവൻ ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ പുതിയ സൃഷ്ടിയും ദൈവരാജ്യത്തിന്റെ അവകാശിയും ആകുന്നു. ഇന്ന് അത് ഒരു ആത്മീയ അനുഭവമാണ് (റോമർ 14:17). കൃപയുടെ അധികമായ അനുഗ്രഹങ്ങൾ ആദാമിനു ലഭിച്ച ഭൂമിയുടെമേൽ വാഴുവാനുള്ളതിലും കവിഞ്ഞതാണ്. അതിനു നമ്മെ അവകാശികൾ ആക്കുവാൻ കർത്താവു മരണത്തോളം അനുസരണമുള്ളവനായി (ഫിലി. 2:5-8).

കൃപയും ന്യായപ്രമാണവും തമ്മിലുള്ള വ്യത്യാസം 5:20,21 വാക്യങ്ങളിൽ കാണാം. ദൈവം മനുഷ്യനോട് എന്നും ഏർപ്പെടുന്നത് കൃപയിൽ ആണ്. കൃപ ദൈവം നല്കുന്ന ആനുകൂല്യമാകുന്നു. അതിനു നാം അർഹതയുള്ള വരല്ല. ന്യായപ്രമാണം നല്കിയത്, നാം പാപികളും കൃപയുടെ ആവശ്യം ഉള്ളവരാണെന്ന ബോദ്ധ്യം വരുത്തുവാനാണ്. ക്രിസ്തുവിൽ ദൈവകൃപ വെളിപ്പെട്ടു. അവൻ നമ്മുടെ പ്രതിനിധിയായി ന്യായപ്രമാണം പൂർണ്ണമായി അനുസരിച്ച് അതിനു നീക്കംവരുത്തി. ന്യായപ്രമാണം താൽക്കാലികമായിരുന്നു. ദൈവകൃപ നിത്യമാണ്. ജഡം ന്യായപ്രമാണത്തിനും പാപത്തിനും അടിമയാണ്. രക്ഷിക്കപ്പെട്ട് ആത്മാവിൽ നിറഞ്ഞവർ കൃപയിലും നീതീകരണത്തിലും അധികമായി വാഴുന്നു. അവർ ദൈവത്തിന് അവകാശികളും ക്രിസ്തുവിന് കൂട്ടവകാശികളും തന്നെ. ക്രിസ്തുവിലുള്ള പദവി എത്ര വലിയത്!

## അദ്ധ്യായം 6

### വിശുദ്ധീകരണത്തിന്റെ പ്രമാണം

രക്ഷിക്കപ്പെട്ടവർ കൃപയാൽ വിശ്വാസത്താൽ നീതീകരിക്കപ്പെട്ടവർ ആണ്. അവർ എങ്ങനെ വിജയകരമായ ക്രിസ്തീയ ജീവിതം നയിക്കും എന്ന് ഈ അദ്ധ്യായത്തിൽ വിശദീകരിച്ചിരിക്കുന്നു. നീതീകരണംകൊണ്ടുള്ള ആശയം നീതിമാന്മാരായി പ്രഖ്യാപിക്കുക എന്നതാണ്. വിശുദ്ധീകരണം കൊണ്ടുള്ള വിവക്ഷ നീതിമാന്മാരായി ജീവിക്കുവാൻ പ്രാപ്തരാക്കുക എന്നതാണ്.

### വിശുദ്ധീകരണം എങ്ങനെ (6:1-14)

നീതീകരിക്കപ്പെട്ടവർ ദൈവകൃപയെ അഭിനന്ദിക്കുന്നവരും പാപത്തെ വെറുക്കുന്നവരും ആയിരിക്കണം. ക്രിസ്തുവിനോടുള്ള സജീവബന്ധം ദൈവഹിതപ്രകാരം ജീവിക്കുവാൻ അവരെ പ്രാപ്തരാക്കുന്നു (5:18). നീതീകരിക്കപ്പെട്ടവർ ക്രിസ്തുവിന്റെ മരണപുനരുത്ഥാനത്തിനു പങ്കാളികൾ ആണ്. നമ്മുടെ പാപം വഹിച്ചുകൊണ്ട് കർത്താവ് മരിക്കുകയും നമുക്ക് പുതുജീവൻ നൽകുവാൻ ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. സ്നാനം നമ്മുടെ വിശ്വാസത്തെ കാണിക്കുന്നു. ക്രിസ്തുവിനോടു നാം ഏകീഭവിച്ചിരിക്കുന്നു എന്ന അറിവ് വിശുദ്ധ ജീവിതം നയിക്കുവാൻ ആവശ്യമാണ്.

നമ്മുടെ പഴയ മനുഷ്യൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടു. അങ്ങ നെ പാപത്തിന്റെ ശിക്ഷയിൽനിന്നും നാം മോചിതരായി. കർത്താവ് ഉയിർത്തെഴുന്നേറ്റപ്പോൾ നാമും ഉയിർത്തെഴുന്നേറ്റു. നാം ദൈവത്തിനു വേണ്ടി ജീവിക്കുവാൻ കടപ്പെട്ടവർ ആകുന്നു. ഈ അറിവു നമുക്കുണ്ടായിരിക്കണം. ക്രിസ്തു ഒരിക്കലായിട്ട് മരിച്ച് ഉയിർത്തെഴുന്നേറ്റു. അവനിൽ വിശ്വസിക്കുന്നവരും അങ്ങനെ ഒരിക്കലായി പാപസംബന്ധമായി മരിച്ച് നീതിക്കായി ഉയിർത്തെഴുന്നേറ്റവർ ആകണം. ഈ സത്യം മനസ്സിലാക്കി അതിനനുസരണമായി നാം ജീവിക്കണം. അറിവു മനസ്സിനോടും അനുസരണം ഹൃദയത്തോടും ബന്ധപ്പെട്ടിരിക്കുന്നു.

നീതീകരിക്കപ്പെട്ടവർ പാപം അവരുടെ മേൽ വാഴുവാൻ അനുവദിക്ക രുത്. നമ്മുടെ അവയവങ്ങളെ ദൈവത്തിന് ഉപയോഗപ്പെടുവാൻ സമർപ്പി ക്കണം. നമ്മുടെ ശരീരം ദൈവത്തിന്റെ ആലയം ആകുന്നു (1 കൊരി. 6:19,20). ദൈവരാജ്യത്തിന്റെ വളർച്ചയ്ക്കും ദൈവജനത്തിൻെറ അനുഗ്രഹത്തിനും നമ്മുടെ കഴിവുകൾ പ്രയോജനപ്പെടണം. വിശുദ്ധജീവിതം നയിക്കുവാൻ ക്രിസ്തു നമ്മെ നീതീകരിച്ചു എന്നുള്ള അറിവും അവന്റെ പുനരുത്ഥാന ശക്തി നമുക്കുവേണ്ടി വ്യാപരിക്കുന്നു എന്നുള്ള എണ്ണലും നമ്മുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായി സമർപ്പിക്കുന്ന അനുഭവവും ഒഴിച്ചുകൂടാത്തതാകുന്നു.

### വിശുദ്ധ ജീവിതംകൊണ്ടുള്ള അനുഗ്രഹങ്ങൾ (6:15-23)

നാം കൃപയാൽ രക്ഷിക്കപ്പെട്ടവർ ആണ്. അതുകൊണ്ട് ദൈവത്തോട് നന്ദിയുള്ളവരായി അവനെ സേവിക്കണം. ക്രിസ്തു പാപത്തിന്റെ ശക്തിയെ പരാജയപ്പെടുത്തിയിരിക്കുന്നു (1 കൊരി. 15:56). രക്ഷിക്കപ്പെടാത്തവർ പാപത്തിന്റെ ദാസന്മാർ ആണ്. അവരുടെ ശരീരം അധർമ്മത്തിനും അശുദ്ധിക്കും അടിമപ്പെട്ടിരിക്കുന്നു. ദൈവത്തിനായി സമർപ്പിക്കപ്പെട്ടവർക്കു മാത്രമേ യഥാർത്ഥ ആത്മീയ സ്വാതന്ത്ര്യം ലഭിക്കയുള്ളൂ. പാപത്തിനു ദാസന്മാരായവർ ലജ്ജയും അവസാനം മരണവും അനുഭവിക്കും. ദൈവത്തിനു സമർപ്പിക്കപ്പെട്ട ജീവിതം വിശുദ്ധിയും നിത്യജീവനും പ്രദാനം ചെയ്യുന്നു. അതു ദൈവത്തിനു മഹത്വവും നമുക്കു സന്തോഷവും നൽകുന്നതായിരിക്കും. പാപത്തിനു ദാസന്മാരായി ജീവിക്കുന്ന വിശ്വാസികൾക്കു ശിക്ഷ ഉണ്ടാകും. ബാലശിക്ഷയും ചിലപ്പോൾ മരണവും

അതിന്റെ ഫലമായി സംഭവിക്കാവുന്നതാണ്.

**അദ്ധ്യായം 7**

### ന്യായപ്രമാണത്തിന്റെ ബലഹീനത (7:1-6)

ഈ അദ്ധ്യായത്തിൽ വിശുദ്ധീകരണം ന്യായപ്രമാണം അനുസരിക്കുന്നതുമൂലം ഉണ്ടാകുന്നില്ല എന്നു വ്യക്തമാക്കുന്നു. ക്രിസ്തുവിനോടുള്ള ബന്ധം വിശുദ്ധ ജീവിതത്തിന് അടിസ്ഥാനമായിരിക്കുന്നു. അതിനെ ഭാര്യാ ഭർത്തൃബന്ധത്തോടു തുലനപ്പെടുത്തിയിരിക്കുന്നു. ഭർത്താവു ജീവിച്ചിരിക്കുന്നിടത്തോളം ഭാര്യ സ്വതന്ത്രയല്ല. ഭർത്താവു മരിച്ചാൽ ഭാര്യ വിവാഹം കഴിക്കുവാൻ സ്വാതന്ത്ര്യം ഉള്ളവൾ ആണ്. അതുപോലെ നാം ക്രിസ്തുവിൽ വിശ്വസിച്ചപ്പോൾ ന്യായപ്രമാണസംബന്ധമായി മരിച്ചു. ന്യായപ്രമാണം മരി ച്ചിട്ടില്ല. നാം മരിച്ചു ക്രിസ്തുവിൽ ഉയിർത്തെഴുന്നേറ്റിരിക്കുന്നു. ഇന്നു നാം ക്രിസ്തുവിനോടു ബന്ധമുള്ളവർ ആയിരിക്കുന്നു. ക്രിസ്തുവിനു ഫലം പുറപ്പെടുവിക്കുവാൻ നാം കടപ്പെട്ടവർ ആണ്. പരിശുദ്ധാത്മാവ് അതിനു നമ്മെ സഹായിക്കുന്നു. അവന്റെ വചനം നമ്മുടെ ഹൃദയങ്ങളിൽ എഴുതി ജീവന്റെ പുതുക്കത്തിൽ നടക്കുവാൻ നാം പ്രാപ്തരാകുന്നതു കൃപയാൽ മാത്രമാകുന്നു.

### ന്യായപ്രമാണംകൊണ്ടുള്ള ഉദ്ദേശം (7:7-25)

പാപത്തെക്കുറിച്ചു ബോധം വരുത്തുക (3:20). ദൈവത്തോടുള്ള നമ്മുടെ ശത്രുത്വവും ദൈവകല്പന അനുസരിക്കുവാനുള്ള കഴിവുകേടും വെളിപ്പെടുത്തുന്നു (8:7). ന്യായപ്രമാണം ദൈവദത്തമാകയാൽ വിശുദ്ധമാണ്. എന്നാൽ അത് അനുസരിക്കുവാൻ ജഡമയന്മാരായ നാം കഴിവുള്ളവർ അല്ല. ന്യായപ്രമാണം നന്മചെയ്യുവാൻ നമ്മെ ബലമുള്ളവർ ആക്കുന്നില്ല. നന്മചെയ്യുവാൻ നമുക്ക് ആഗ്രഹം ഉണ്ടെങ്കിലും തിന്മചെയ്യുവാൻ നമ്മെ പ്രേരിപ്പിക്കുന്ന പ്രമാണം നമ്മിൽ വ്യാപരിക്കുന്നു. സ്വന്തശക്തിയിൽ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ശ്രമിക്കുന്നവർ പരാജയപ്പെടും. പൗലൊസ് ഈ അനുഭവം ഉള്ളവനായിരുന്നു. നന്മചെയ്യുവാൻ ഉള്ളംകൊണ്ട് ആഗ്രഹിക്കുന്നു എങ്കിലും പാപപ്രമാണത്തിന് അടിമയാകുന്നു. ജഡത്തിൽ ഒരു നന്മയും ഇല്ല (7:18). ദൈവമക്കൾ ജഡത്തിൽ പ്രശംസിക്കുന്നവർ ആകരുത് (ഫിലി. 3:3). ക്രിസ്തു സൽപ്രവൃത്തികൾക്കു നമ്മെ ശക്തീകരിക്കുന്നു (എഫെ. 2:10). പരിശുദ്ധാത്മാവിന്റെ സഹായം കൂടാതെ ആർക്കും വിശുദ്ധ ജീവിതം നയിക്കുവാൻ കഴിയുന്നതല്ല (യോഹ. 15:5). പുനരുത്ഥാനം ചെയ്ത ക്രിസ്തു തന്നിൽ വിശ്വസിക്കുന്നവർക്ക് പാപമോചനവും സൽപ്രവൃത്തി ചെയ്യുവാൻ ശക്തിയും നൽകുന്നു.

**അദ്ധ്യായം 8**

വിജയകരമായ ആത്മീയ ജീവിതം എങ്ങനെ നയിക്കാം എന്ന് ഈ അദ്ധ്യായത്തിൽ കാണാം.

ക്രിസ്തുവിൽക്കൂടി ദൈവം ഒരുക്കിയിട്ടുള്ള അനുഗ്രഹങ്ങളുടെ വലിപ്പം അറിയുമ്പോൾ നാം വിശ്വാസത്തിൽ നിശ്ചയമുള്ളവർ ആകും. ക്രിസ്തു യേശുവിൽ ഉള്ളവർക്കുള്ള പദവികൾ ശ്രദ്ധിക്കുക.

1. അവർ ശിക്ഷാവിധിയിൽനിന്നും മോചിതരാണ്. ക്രിസ്തു അവരുടെ പാപത്തിന്റെ ശിക്ഷ ക്രൂശിൽ സഹിച്ചു. മരണത്തിന്റേയും പാപത്തിന്റേ യും പ്രമാണത്തിനു കീഴിൽ വിശ്വാസി കഴിയേണ്ടതില്ല. ന്യായപ്രമാണ ത്തിന് ആരേയും നീതീകരിക്കുവാൻ കഴിവില്ല. ക്രിസ്തു മനുഷ്യനായി അവതരിച്ചതു ന്യായപ്രമാണത്തിനു കഴിയാതിരുന്നതു നിവൃത്തിക്കാ നായിരുന്നു. അവന്റെ മരണം നമ്മുടെ പാപത്തിന്റെ ശിക്ഷയായിരുന്നു. അതുകൊണ്ട് ക്രിസ്തുവിൽ വിശ്വസിക്കുന്നവരെ നീതീകരിക്കുവാൻ ദൈവത്തിനു കഴിയും. ദൈവവചനം അനുസരിക്കുവാൻ നമുക്ക് ശക്തി നൽകുന്നതു പരിശുദ്ധാത്മാവാണ്. നീതീകരണവും വിശുദ്ധീകരണവും ഉളവാക്കുന്നതു ദൈവമാകുന്നു (ഫിലി. 2:13).
2. ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് പരിശുദ്ധാത്മാവ് ഉണ്ട്. അവിശ്വാസി കൾ ജഡത്തിനുള്ളതു ചിന്തിക്കുമ്പോൾ നാം ആത്മാവിനുള്ളതു ചിന്തിച്ചുകൊണ്ട് ദൈവത്തെ പ്രസാദിപ്പിക്കുന്നവർ ആകണം. രക്ഷിക്ക പ്പെടുന്ന എല്ലാവരിലും പരിശുദ്ധാത്മാവ് വസിക്കുന്നു. അവർ നീതി നിറഞ്ഞ ജീവിതം നയിക്കുവാൻ പദവി ലഭിച്ചവരാണ്. ദൈവത്തോടുള്ള കൂട്ടായ്മ അവർ അനുഭവിക്കുന്നു.
3. രക്ഷിക്കപ്പെട്ടവർ പുതിയ പ്രത്യാശ ഉള്ളവർ ആണ്; അവരുടെ മർത്യശരീരം ഉയിർപ്പിക്കപ്പെടും. ക്രിസ്തു മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റവൻ ആണ്. നാം അവനോട് അനുരൂപരാകും. പരിശുദ്ധാത്മാവിനാൽ നാം മുദ്ര ഇടപ്പെട്ടവർ ആണ്. നാം മുഴുവനായും കർത്താവിനുള്ള വർ ആകുന്നു (1 കൊരി. 6:19,20). ആത്മാവിനെ അനുസരിക്കുമ്പോൾ സമൃദ്ധിയായ ആത്മീയ അനുഭവങ്ങൾ നമ്മിൽ ഉളവാകും. ജഡത്തിന്റെ മോഹങ്ങൾക്കു നാം അടിമകൾ ആകരുത്.
4. രക്ഷിക്കപ്പെട്ടവർ ദൈവത്തിന്റെ മക്കളും അവകാശികളുമാകുന്നു (8:14-17). ദൈവാത്മാവു നമ്മെ നടത്തുന്നു എന്ന അറിവാണ് നാം മക്കളാണെന്നതിന്റെ ഒരു തെളിവ്. ദൈവം നമ്മെ ദത്തെടുത്തിരിക്കുന്നു. നാം ഇനിയും ദാസന്മാരല്ല, മക്കളും അവകാശികളും ആണ്. പിതാവിനോടുള്ള സ്നേഹം അവനെ സ്നേഹിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. നമുക്കുള്ള ആത്മീയ പദവികൾ നമ്മെ ദൈവ

ത്തോട് ഉത്തരവാദിത്വമുള്ളവർ ആക്കുന്നു. പരിശുദ്ധാത്മാവിനെ അനുസരിച്ച് ദൈവഹിതം ചെയ്യുവാൻ നമുക്കിടയാകട്ടെ. ക്രിസ്തുവിനായി കഷ്ടം സഹിക്കുവാൻ മനസ്സുള്ളവർ അവനോടുകൂടെ വാഴും.

5. നാം വരുവാനുള്ള തേജസ്സിനായി ക്ഷമയോടെ കാത്തിരിക്കുന്നവർ ആണ് (8:18-25). രക്ഷിക്കപ്പെട്ടവർ കഷ്ടം സഹിക്കുവാൻ പദവി ലഭിച്ചവർ ആകുന്നു (ഫിലി. 1:29). ഇന്നുള്ള കഷ്ടങ്ങൾ, ലഭിക്കുവാൻ പോകുന്ന തേജസ്സു വിചാരിച്ചാൽ സാരമില്ല. സൃഷ്ടി മുഴുവൻ ക്ഷമയോടെ അതിനായി കാത്തിരിക്കുന്നു. ദൈവമക്കൾക്ക് ലഭിച്ചിരിക്കുന്ന പരിശുദ്ധാത്മാവ് അതിന്റെ ഉറപ്പാകുന്നു. നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പ് അന്നു സംഭവിക്കും. ഇന്നു ശരീരത്തിൽ നാം കഷ്ടം അനുഭവിക്കു ന്നവരാണ്. കർത്താവിന്റെ വരവിൽ നാം തേജസ്സുള്ള ശരീരം ഉള്ളവർ ആകും. പുത്രത്വത്തിന്റെ സമ്പൂർണ്ണ അവകാശികൾ ആകും. ദൈവമക്കൾക്കുള്ള വലിയ പ്രത്യാശ അതാകുന്നു (തീത്തൊ. 2:12,13).
6. ദൈവമക്കൾക്ക് പരിശുദ്ധാത്മാവിന്റെ സഹായം വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്നു (8:26,27). ഇന്നു പരിശുദ്ധാത്മാവു നമ്മെ ദൈവഹിതം ചെയ്തു തേജസ്സിനായി കാത്തിരിക്കുവാൻ സഹായിക്കുന്നു. നമ്മുടെ ബലഹീനതകളിൽ അവൻ നമ്മെ സഹായിക്കും. നാം ദൈവഹിതപ്രകാരം പ്രാർത്ഥിക്കുവാൻ അറിവുള്ളവരല്ല. അതുകൊണ്ട് പരിശുദ്ധാ ത്മാവ് നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു. നമ്മുടെ ഹൃദയത്തിലെ ചിന്തകളും ആഗ്രഹങ്ങളും ദൈവം അറിയുന്നു. ദൈവഹിതപ്രകാരം പരിശുദ്ധാത്മാവ് നമുക്കുവേണ്ടി പക്ഷവാദം ചെയ്തു പ്രാർത്ഥനയിൽ നമ്മെ സഹായിക്കുന്നു. ക്രിസ്തുവും നമ്മുടെ ശ്രേഷ്ഠ പുരോഹിതനായി പിതാവിന്റെ സന്നിധിയിൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു.
7. ദൈവമക്കൾ പുതിയ അറിവു ലഭിച്ചവർ ആണ്. അവരുടെ ജീവിതത്തിൽ സംഭവിക്കുന്നതൊക്കെയും നന്മയ്ക്കായി കൂടി വ്യാപരിക്കുവാൻ ദൈവം ശക്തിയുള്ളവൻ ആണ് (8:28). നമ്മുടെ ജീവിതത്തിൽ യാതൊന്നും യാദൃച്ഛികമായി സംഭവിക്കുന്നില്ല. ദൈവഹിതം നിവർത്തിയാക്കുവാൻ സകല സംഭവങ്ങളെയും അവൻ നിയന്ത്രിക്കുന്നു.
8. നാം ക്രിസ്തുവിനോട് അനുരൂപരാകുവാൻ നീതീകരിക്കപ്പെട്ടവർ ആണ്. ദൈവം തന്റെ സ്നേഹത്തിൽ നമ്മെ മുന്നറിഞ്ഞ് രക്ഷിച്ചിരിക്കുന്നു (8:29). ക്രിസ്തുവിനു തുല്യരാകുവാൻ മുൻനിയമനം ലഭിച്ചവരാണ് വിശ്വാസികൾ. രക്ഷിക്കപ്പെടുവാനുള്ള ആഹ്വാനം സ്വീകരിച്ചവർ നീതീകരിക്കപ്പെടുന്നു. അവർ ക്രിസ്തുവിന്റെ പ്രായശ്ചിത്ത മരണത്തിൽ വിശ്വസിച്ചവരും അവന്റെ നീതി ലഭിച്ചവരും ആണ്. ദൈവത്തിനു നമ്മെക്കുറിച്ചുള്ള മുൻനിർണ്ണയത്തിൽ ഒടുവിലായിട്ടുള്ളത് തേജസ്ക്കരണം ആകുന്നു. ക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അതു സംഭവിക്കും (കൊലൊ. 3:4). ദൈവനിർണ്ണയത്തിനു മാറ്റം സംഭവിക്കുന്നില്ല. അതിനെ തടയുവാൻ യാതൊന്നിനും കഴിയുന്നതല്ല. സ്വന്തപുത്രനെ തന്നു നമ്മെ രക്ഷിച്ച ദൈവം രക്ഷയോടു ബന്ധപ്പെട്ട എല്ലാ അനുഗ്രഹങ്ങളും നൽകുവാൻ മനസ്സുള്ളവൻ ആകുന്നു. ദൈവം നീതീകരിച്ചവരെ ആർക്കും ശിക്ഷ വിധിക്കുവാൻ കഴിയുന്നതല്ല. എന്തുകൊണ്ടെന്നാൽ ക്രിസ്തു നമുക്കുവേണ്ടി മരിച്ചുയിർത്തെഴുന്നേറ്റശേഷം സ്വർഗ്ഗാരോഹണം ചെയ്ത് പിതാവിന്റെ വലത്തുഭാഗത്തിരുന്നു പക്ഷവാദം ചെയ്യുന്നു. ക്രിസ്തുവിൽ നാം സമ്പൂർണ്ണഭദ്രതയുള്ളവർ ആണ്.
9. ദൈവമക്കൾ ദൈവത്തോടു വേർപിരിയാത്ത ബന്ധം ഉള്ളവർ ആണ് (8:35-39). ദൈവം നമ്മെ സ്നേഹിച്ചതു നിത്യസ്നേഹത്താലാകുന്നു. ക്രൂശിൽ അതു പ്രദർശിപ്പിച്ചു (5:8). ലോകത്തിലുള്ള യാതൊരു കഷ്ടതകൾക്കും നമ്മെ ആ സ്നേഹത്തിൽനിന്ന് വേർപെടുത്തുവാൻ കഴിയുന്നതല്ല. ക്രിസ്തുവിന്റെ സാന്നിദ്ധ്യം നമുക്കു പൂർണ്ണ ജയം നൽകുവാൻ മതിയായതാകുന്നു. രക്ഷയുടെ ഭദ്രത വ്യക്തമാക്കുന്ന വേദഭാഗമാകുന്നു ഇത്. ക്രിസ്തുവിൽ വിശ്വസിച്ചവർ ശിക്ഷാവിധിയിൽനിന്നും മോചിതരാണ്. അവർക്കു ദൈവത്തോടു പുതിയ ബന്ധം - നിത്യബന്ധമാണു ള്ളത്. അതിൽനിന്നും നമ്മെ വേർപ്പെടുത്തുവാൻ യാതൊരു ശക്തിക്കും കഴിയുന്നതല്ല.

## അദ്ധ്യായം 9

### ദൈവത്തിന്റെ തിരഞ്ഞെടുപ്പ് (9:1-13)

9 മുതൽ 11 വരെയുള്ള അദ്ധ്യായങ്ങളിൽ യിസ്രായേലിനോടുള്ള ദൈവിക പരിപാടികളും സുവിശേഷത്തിന്റെ പ്രാധാന്യവും വ്യക്തമാക്കിയിരിക്കുന്നു. സുവിശേഷം യെഹൂദന്മാർക്കും ജാതികൾക്കും ഉള്ള രക്ഷാമാർഗ്ഗം ആകുന്നു. യിസ്രായേൽ അതു വിശ്വസിച്ചില്ല. അതിലുള്ള പൗലൊസിന്റെ ഖേദം ഇവിടെ പ്രകടമാക്കിയിരിക്കുന്നു. യിസ്രായേലിനോടുള്ള ദൈവത്തിന്റെ പരിപാടികൾ അതുകൊണ്ട് അവസാനിച്ചിട്ടില്ല. അവർക്ക് ലഭിച്ചിട്ടുള്ള ആത്മീയ ആനുകൂല്യങ്ങളും വാഗ്ദത്തങ്ങളും വളരെയാണ്. ക്രിസ്തുവും ജഡപ്രകാരം അവരിൽനിന്നും വന്നു. ക്രിസ്തു സർവ്വത്തിനും മീതെ ദൈവമാണ്. യിസ്രായേലിന്റെ സർവ്വ അനുഗ്രഹങ്ങളും ക്രിസ്തുവിൽ കേന്ദ്രീകരിച്ചിരിക്കുന്നു. അബ്രഹാമിന്റെ മക്കളായതുകൊണ്ട് ആരും യിസ്രായേല്യർ ആകുന്നില്ല. വാഗ്ദത്തപ്രകാരം ജനിച്ചവരത്രെ അവകാശികൾ. അവർ അബ്രഹാമിനെപ്പോലെ വിശ്വാസമുള്ളവർ ആയിരിക്കും. അതറിയുന്ന ദൈവം തന്റെ നിർണ്ണയപ്രകാരം വിശ്വാസികളെ തിരഞ്ഞെടുക്കുന്നു. യിസ്ഹാക്കിന്റേയും യാക്കോബിന്റേയും ചരിത്രം അതത്രെ തെളിയിക്കുന്നത്.

### ദൈവത്തിന്റെ മനസ്സലിവ് (9:14-19)

ദൈവം പരമാധികാരിയും തന്റെ ആലോചനപ്രകാരം സകലവും ചെയ്യു ന്നവനും ആകുന്നു. തനിക്കു കരുണ തോന്നണം എന്നുള്ളവരോടു കനിവു കാണിക്കുന്നു. നമ്മുടെ യോഗ്യതകൾ അതിനു കാരണം അല്ല (പുറ. 33:17). ദൈവത്തിന്റെ ആലോചനയെ തടുക്കുവാൻ ആർക്കും കഴിയുന്നതല്ല. ഫറവോനും അവന്റെ സൈന്യത്തിനും അതിനു ശക്തിയില്ല എന്നു തെളിയിക്കുവാൻ അവനെ രാജാവാക്കി വച്ചു. ഫറവോൻ തന്റെ ഹൃദയം കഠിനപ്പെടു ത്തി (പുറ. 5:2, 7:3). അതിനു ദൈവം ഉത്തരവാദിയല്ല. അനുതപിക്കാൻ പലവട്ടം അവസരം ലഭിച്ചശേഷവും ഹൃദയം കഠിനപ്പെടുത്തിയ ഫറവോനോടു ദൈവം കനിവു കാണിക്കുന്നത് അവസാനിപ്പിച്ചു. സുവിശേഷം പലവട്ടം കേട്ടിട്ടും വിശ്വസിക്കാത്തവർക്ക് ഇതൊരു താക്കീതാകുന്നു.

### ദൈവത്തിന്റെ പരമാധികാരം (9:20–33)

അതിനെ ചോദ്യം ചെയ്യുവാൻ ആർക്കും കഴിയുന്നതല്ല. അവൻ സ്രഷ്ടാവും നാം സൃഷ്ടിയും ആകുന്നു. തിരുഹിതപ്രകാരം സകലവും ചെയ്യുന്നു. ദൈവത്തിന്റെ ആലോചനകളും പ്രവൃത്തികളും അവന്റെ സ്വഭാവത്തിന് അനുസരണം ആണ്. മനുഷ്യനിൽ ദൈവം തന്റെ നീതിയും കരു ണയും പ്രദർശിപ്പിക്കുന്നു. അവിശ്വാസികൾ ദൈവകോപത്തിന്റെ പാത്രങ്ങൾ ആകുന്നു; വിശ്വാസികൾ കരുണാപാത്രങ്ങളും. ദൈവം ആരെയും കോപപാത്ര ങ്ങളായി സൃഷ്ടിച്ചിട്ടില്ല. മനുഷ്യൻ അവിശ്വാസം മൂലം ദൈവക്രോധത്തിനു യോഗ്യരാകുന്നു (യോഹ. 3:16–18,36). അവർ കോപപാത്രങ്ങൾ ആയിത്തീരുന്നതിനു ദൈവം ഉത്തരവാദിയല്ല. ദൈവത്തിന്റെ വിളി എല്ലാവർക്കും ഉള്ള താണ്. ക്രിസ്തുവിൽ വിശ്വസിക്കുന്ന ജാതികൾക്കും യെഹൂദന്മാർക്കും അവൻ ദയ കാണിക്കുന്നു. അവർക്ക് ദിവ്യ തേജസ്സിന്റെ അവകാശികൾ ആകുവാൻ കഴിയും. അതാണ് കുശവനും പാത്രങ്ങളും തമ്മിലുള്ള ബന്ധം കാണി ക്കുന്നത്. സുവിശേഷം വിശ്വസിക്കുന്നവർ മാനപാത്രങ്ങളും അവിശ്വാസികൾ കോപപാത്രങ്ങളും ആകുന്നു. ഇവിടെ ഹോശേയ പ്രവചനം ഉദ്ധരിച്ചുകൊണ്ട് ജാതികൾ കരുണാപാത്രങ്ങൾ ആകും എന്ന് പ്രസ്താവിച്ചിരിക്കുന്നു ( ഹോശേയ 2:23). യിസ്രായേൽ അസംഖ്യം ആയിരുന്നാലും ഒരു ശേഷിപ്പുമാത്രമേ രക്ഷിക്കപ്പെടുകയുള്ളൂ എന്ന് യെശയ്യാവു പ്രവചിച്ചു (യെശ. 1:9). യെഹൂദന്മാർ പ്രവൃത്തികളാൽ നീതീകരിക്കപ്പെടുവാൻ ശ്രമിച്ച് പരാജയ പ്പെട്ടു. കൃപയാലുള്ള രക്ഷയെ അവഗണിക്കുന്നത് ദൈവത്തെ നിന്ദിക്കുന്ന പ്രവൃത്തിയാകുന്നു. നാം വിശ്വാസത്താൽ മാത്രം നീതീകരിക്കപ്പെടുന്നു. യിസ്രായേൽ അവരുടെ മശിഹയിൽ വിശ്വസിച്ചില്ല. അവരുടെ ആത്മീയ അന്ധതയാ യിരുന്നു അതിനു കാരണം. ക്രിസ്തു അവർക്ക് ഇടർച്ചയായി ഭവിച്ചു. സ്വന്തകഴിവുകളിൽ ആശ്രയിക്കുന്നവർ ലജ്ജി തർ ആകും. ദൈവത്തിന്റെ ദയയിൽ ശരണപ്പെടുന്നവർ അനുഗ്രഹിക്കപ്പെടും.

## അദ്ധ്യായം 10

(10:1–7) പൗലൊസിനു യിസ്രായേൽ രക്ഷിക്കപ്പെടണം എന്ന് ആത്മാർ ത്ഥമായ ആഗ്രഹം ഉണ്ടായിരുന്നു. അവർ വിശ്വാസത്താലുള്ള രക്ഷ നിര സിച്ചു. സ്വയം നീതീകരിക്കപ്പെടാനുള്ള ശ്രമം ദൈവകൃപയോടുള്ള അവ ഗണന ആകുന്നു; അത് ആത്മീയ അജ്ഞത, സ്വയനീതി, ശാഠ്യം, പരി ജ്ഞാനമില്ലാത്ത ശുഷ്കാന്തി എന്നിവ ഉള്ള വാക്കും. ന്യായപ്രമാണത്തിന്റെ ലക്ഷ്യം ക്രിസ്തുവിങ്കലേക്കു നമ്മെ നയിക്കുക എന്നതാണ്. അവനാണ് നമ്മുടെ നീതി. ന്യായപ്രമാണം മുഴുവൻ അനുസരിക്കുന്നവൻ മാത്രമേ നീതീകരിക്കപ്പെടുന്നുള്ളൂ (ലേവ്യ 18:5). ക്രിസ്തു വിന്റെ മരണപുനരുത്ഥാനത്തിൽ വിശ്വസിക്കുന്നവർ ഇന്നു നീതീകരിക്കപ്പെടുന്നു. സ്വന്ത പരിശ്രമങ്ങൾ അതിന് അപര്യാപ്തം ആകുന്നു.

(10:8–15) എങ്ങനെ നമുക്ക് നീതീകരിക്കപ്പെടാമെന്ന് അടുത്ത വാക്യങ്ങ ളിൽ കാണാം. സുവിശേഷം കേൾക്കു ന്നവർക്കു മാത്രമേ അതു വിശ്വസിക്കുവാൻ കഴിയുകയുള്ളൂ. ക്രിസ്തു അവതരിക്കുകയും മരിക്കുകയും ഉയിർത്തെഴു ന്നേൽക്കുകയും ചെയ്തു; അതാണ് സുവിശേഷം. അതു നമുക്ക് സമീപമായിരിക്കുന്നു. യേശുക്രിസ്തുവിനെ രക്ഷി താവും കർത്താവുമായി വിശ്വസിക്കുന്നവർ മാത്രമേ രക്ഷിക്കപ്പെടുകയുള്ളൂ. അതു നാം ഏറ്റുപറയണം. ക്രിസ്തു എന്റെ പാപങ്ങളുടെ ശിക്ഷ അനുഭവിച്ചു മരിച്ച് എന്റെ നീതീകര ണത്തിനായി ഉയിർത്തെഴുന്നേറ്റു എന്നുള്ള അംഗീ കരണമാണ് നമ്മുടെ ഏറ്റു പറച്ചിൽ. ജീവിക്കുന്ന രക്ഷിതാവിൽ വിശ്വാസമുള്ളവർ പുതിയ ജീവന്റെ അനുഭവമുള്ള വർ ആകുന്നു. രക്ഷയ്ക്കുള്ള ഏകമാർഗ്ഗം ഇതാകുന്നു. സകല മനുഷ്യർക്കും അതിനുള്ള ആഹ്വാനം നൽകിയിരി ക്കുന്നു. എല്ലാവരും രക്ഷിക്കപ്പെടണം എന്ന് ദൈവം ആഗ്രഹിക്കുന്നു (1 തിമൊ. 2:4). കർത്താവിനെ വിളിച്ചപേക്ഷി ക്കുന്നവർ അവനെ ആരാധിക്കുന്നവർ ആകണം. ഈ സുവിശേഷം സകല ജാതികളോടും അറിയിക്കുവാൻ നാം നിയോഗം ലഭിച്ചവരാണ് (മർക്കൊ. 16:15). അത് അനുസരിക്കുവാൻ നാം മനസ്സുള്ളവർ ആണോ? (യോഹ. 20:21). സുവിശേഷം അറിയിക്കു മ്പോൾ അത് കേൾക്കുന്നവർ അനുഗൃഹീതരായിത്തീരും. രക്ഷിക്കപ്പെടുന്നവർക്ക് ശ്രേഷ്ഠമായ ശുശ്രൂഷയാകുന്നു സുവിശേഷം അറിയിക്കൽ. അതിൽ പരാജയപ്പെടുന്നവർ കർത്താവിനോടു കണക്കു ബോധിപ്പിക്കേണ്ടിവരും.

(10:16–21) സുവിശേഷം കേട്ടതുകൊണ്ടു മാത്രം ആരും രക്ഷിക്കപ്പെടുകയില്ല; അതു വിശ്വസിക്കണം, ഏറ്റുപറ യണം. യിസ്രായേൽ രക്ഷയുടെ ദൂത് കേട്ടവർ ആണ്. അവർ വിശ്വസിക്കാത്തതിനു ദൈവം ഉത്തരവാദിയല്ല. യിസ്രാ യേൽ സുവിശേഷം അവഗണിച്ചപ്പോൾ ജാതികൾ അതു സ്വീകരിച്ചു. ഹൃദയകാഠിന്യം മൂലം യിസ്രായേൽ ദൈവത്തിന്റെ ക്ഷണം നിരസിക്കുന്നു. അതിന് അവർ ഉത്തരവാദികൾ ആയിരിക്കും. സുവിശേഷം രക്ഷയുടെ ദൂതാകുന്നു. അതു മറ്റുള്ളവരോട് അറിയിക്കുവാൻ നാം കടപ്പെട്ടവർ ആകുന്നു.

## അദ്ധ്യായം 11

(11:1-24) യിസ്രായേലിൽ ദൈവത്തെ സേവിക്കുന്ന ഒരു ശേഷിപ്പ് എന്നും ഉണ്ടായിരിക്കും. അതിനു ദൃഷ്ടാന്തമാണ് പൗലൊസിന്റെ മാനസാന്തരം. ഏലീയാവിന്റെ കാലത്തും ബാലിനു മുട്ടുകുത്താത്ത ഏഴായിരം പേർ ഉണ്ടായിരുന്നു. അതുകൊണ്ട് യിസ്രായേലിനോടുള്ള ദൈവിക പരിപാടികൾ അവസാനിച്ചിട്ടില്ല. യിസ്രായേൽ അസീറിയൻ പ്രവാസത്തിൽ പോയ കാലത്തും വിശ്വസ്തരായ ഒരു ന്യൂനപക്ഷം ദൈവത്തെ സേവിച്ചിരുന്നു. അവർ ദൈവകൃപയിൽ ആശ്രയിക്കുന്നവരാണ്. വിശ്വസിക്കാത്തവർ ആത്മീയ അന്ധതയിൽ കഴിയുന്നു. അവർ മന്ദബുദ്ധികളാണ്. ദൈവം അവരോട് ഏർപ്പെടുന്നില്ല. അവർക്ക് ദൈവകൃപയുടെ സുവിശേഷം ഇടർച്ചയായി തീർന്നു. സ്വന്ത നീതിയിൽ ശരണപ്പെടുന്നവരുടെ സ്ഥിതി എന്നും ഇതാകുന്നു. യിസ്രായേലിന്റെ വീഴ്ച ജാതികളുടെ അനുഗ്രഹത്തിനു കാരണമായി. യിസ്രായേൽ ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ ജാതികളുടെ വലിയ ഉണർവ്വ് സംഭവിക്കും. അവർക്കു ഭാവിയിൽ ഉണ്ടാകുവാൻ പോകുന്ന യഥാസ്ഥാനത്തെ ക്കുറിച്ച് ഇവിടെ സൂചന നൽകുന്നു. ഇവിടെ യിസ്രായേലിനെ ഒലിവുവൃക്ഷ ത്തോട് ഉപമിച്ചിരിക്കുന്നു. അവിശ്വാസത്താൽ അതിന്റെ ചില കൊമ്പുകൾ ഒടിഞ്ഞുപോയി. അവയുടെ സ്ഥാനത്തു കാട്ടൊലിവായ ജാതികളെ ഒട്ടിച്ചു ചേർത്തു. അതുകൊണ്ട് ജാതികൾ പ്രശംസിക്കരുത്. അവർ ഭയഭക്തിയോടെ ദൈവത്തിനു ഫലം പുറപ്പെടുവിക്കുന്നവർ ആകണം. ദൈവം കൃപയാൽ ജാതികളെ രക്ഷിക്കുന്നു.

### യിസ്രായേലിന്റെ യഥാസ്ഥാനം വാഗ്ദത്തം ചെയ്തിരിക്കുന്നു (11:25-36)

യിസ്രായേലിനുണ്ടായ അവിശ്വാസം അംശവും താൽക്കാലികവും ആയിരുന്നു. ജാതികളിൽനിന്നും ചിലരെ രക്ഷിക്കുവാൻ അതു കാരണമായി (പ്രവൃ. 15:14). ദൈവരാജ്യത്തിലേക്കുള്ള ജാതികളുടെ സംഖ്യ പൂർണ്ണമാകുമ്പോൾ യിസ്രായേലിന്റെ യഥാസ്ഥാനം സംഭവിക്കും (ലൂക്കൊ. 21:24). അന്നു യിസ്രായേൽ അനുതപിച്ച് അവരുടെ മശിഹയെ സ്വീകരിക്കും. അങ്ങനെ ഒരു ജാതിയായി അവർ രക്ഷിക്കപ്പെടും (യെശ. 59:20). അവരോടുള്ള പുതിയ നിയമത്തിന്റെ നിവൃത്തി പൂർണ്ണമാകുന്നത് അന്നാണ് (യിരെ. 31:33). യിസ്രായേൽ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ജാതിയാകുന്നു. അവരോടുള്ള ദൈവിക വാഗ്ദത്തങ്ങൾ നിവൃത്തിയാകും. ജാതികളുടെ രക്ഷ യെഹൂദനിൽ അസൂയ ഉളവാക്കും. ദൈവം എല്ലാവരോടും കൃപ കാണിക്കുന്നു. ജാതികളോടു കാണിച്ച കൃപ യിസ്രായേലും ഭാവിയിൽ അനുഭവിക്കും. ദൈവം മുഖപക്ഷം കൂടാതെ കരുണ കാണിക്കുന്നു.

ദൈവം ഒരുക്കിയ രക്ഷയിൽ അവന്റെ ജ്ഞാനവും ഉദ്ദേശവും വഴികളും കാണാവുന്നതാണ്. യെഹൂദനോടും ജാതികളോടും അവൻ കരുണ കാണിക്കുന്നു. ദൈവം പാപത്തിനു ശിക്ഷ നൽകുകയും അപ്പോൾ തന്നെ പാപിയെ നീതീകരിക്കുകയും ചെയ്യുന്നതു മനുഷ്യബുദ്ധിക്ക് അതീതമാണ്. ക്രിസ്തുവിന്റെ മരണപുനരുത്ഥാനത്തിൽക്കൂടി അതു വെളിപ്പെടുത്തിയ ദൈവം അപ്രമേയൻ ആകുന്നു. ക്രിസ്തു നമുക്ക് ദൈവത്തിങ്കൽനിന്നും ജ്ഞാനവും നീതിയും വീണ്ടെടുപ്പും ശുദ്ധീകരണവും ആയിത്തീർന്നു (1 കൊരി. 1:30). ദൈവം സമ്പൂർണ്ണനും സർവ്വശക്തനും ആകുന്നു. അവൻ സകലവും തന്റെ മഹത്വത്തിനായി ചെയ്യുന്നു. സകലത്തിന്റെയും കേന്ദ്രവും ലക്ഷ്യവും ദൈവമാകുന്നു. ഈ ദൈവം ക്രിസ്തുവിൽക്കൂടി ഒരുക്കിയ രക്ഷയിൽ സന്തോഷിച്ചുകൊണ്ട് അവനെ മഹത്വപ്പെടുത്തുവാനുള്ള ആഹ്വാനം നമുക്ക് സ്വീകരിക്കാം. അവന്റെ വിലയേറിയ നാമം മഹത്വപ്പെടുമാറാകട്ടെ.

## അദ്ധ്യായം 12

### സമർപ്പണം (12:1,2)

കഴിഞ്ഞ പതിനൊന്ന് അദ്ധ്യായങ്ങളിൽ രക്ഷയോടു ബന്ധപ്പെട്ട അടിസ്ഥാന ഉപദേശങ്ങൾ നാം കാണുകയുണ്ടായി. ഉപദേശങ്ങൾ ജീവിതത്തിൽ അനുസരിക്കുവാൻ നൽകിയിട്ടുള്ളതാണ്. അപ്പോൾ മാത്രമേ നമുക്ക് ആത്മീയ സന്തോഷം അനുഭവിക്കുവാൻ കഴിയുകയുള്ളൂ. നീതീകരിക്കപ്പെട്ടവർക്കുള്ള ഉത്തരവാദിത്വങ്ങൾ 12-ാം അദ്ധ്യായത്തിൽ കാണാം. അവർ ദൈവത്തിൽനിന്നും കരുണ ലഭിച്ചവർ ആണ്. ക്രിസ്തുവിൽക്കൂടി അത് ദൈവം വെളിപ്പെടുത്തി. അതുകൊണ്ട് നമ്മുടെ ജീവിതം വിശുദ്ധിയിൽ കഴിക്കുവാൻ ദൈവത്തിനായി സമർപ്പിക്കണം. രക്ഷിക്കപ്പെട്ടവർ ക്രിസ്തുവിൽ പുതിയ സൃഷ്ടികളാണ്. അവർ ലോകത്തോട് അനുരൂപരാകാതെ ക്രിസ്തു വിനെ പ്രതിഫലിപ്പിക്കുന്നവർ ആകണം (2 കൊരി. 5:17). ആത്മീയ പുതുക്കം ഹൃദയത്തിൽ സംഭവിക്കുമ്പോൾ മാത്രമേ ദൈവഹിത പ്രകാരം ജീവിക്കുവാൻ സാധിക്കുകയുള്ളൂ.

### കൃപാവരങ്ങൾ (12:3-8)

കൃപയാൽ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടവർ താഴ്മയുള്ളവർ ആയിരിക്കണം. അവർ ക്രിസ്തുവിലുള്ള ഐക്യം പ്രദർശിപ്പിക്കുന്നവരാകണം. കൃപാവരങ്ങൾ മറ്റുള്ളവരുടെ അനുഗ്രഹത്തിനായി പ്രയോജനപ്പെടുത്തണം. നാം വചനം പ്രസംഗിക്കുന്നവർ ആയിരിക്കണം. ഏതു ശുശ്രൂഷയും സന്തോഷത്തോടുകൂടി ചെയ്യണം. ഉപദേശിക്കുന്നവർ ദൈവവചനത്തിലെ സത്യങ്ങൾ വ്യക്തമായി പഠിപ്പിക്കുന്നവർ ആകണം. പ്രബോധിപ്പിക്കുന്നവർ ഹൃദയത്തിന് ആശ്വാസവും ഉൽസാഹവും നൽകുന്നവർ ആകണം. കൊടുക്കുന്നവർ നല്ല മനസ്സോടെ നൽകണം. നേതൃത്വം നൽകുന്നവർ ഉൽസാഹത്തോടെ അത് ചെയ്യണം. മറ്റുള്ളവരുടെ ആവശ്യങ്ങളിൽ സഹായിക്കുന്നവർ സ്നേഹ

ത്തോടും സന്തോഷത്തോടും കൂടെ അതു ചെയ്യണം. കൃപാവരങ്ങളിൽ ഏറ്റക്കുറച്ചിൽ ഇല്ല. സഭയുടെ ആത്മീയ വർദ്ധനവിനായി അതു പ്രയോജനപ്പെടണം.

### ദൈവമക്കളോടുള്ള ബന്ധം (12:9-16)

ദൈവമക്കൾ ആത്മാർത്ഥമായി അന്യോന്യം സ്നേഹിക്കണം. അവർ ദോഷം വിട്ടകലുന്നവർ ആകണം. നന്മ ചെയ്യുന്നതിൽ ഉൽസാഹമുള്ളവർ ആകണം. സഹോദരപ്രീതി ഉള്ളവരായിരിക്കണം. അപ്പോൾ അന്യോന്യം ബഹുമാനിക്കുന്നവർ ആകും. സഭാകാര്യങ്ങളിൽ ഉൽസാഹമുള്ളവർ ആയിരിക്കണം. ഏതു സാഹചര്യത്തിലും കർത്താവിൽ സന്തോഷിക്കണം. പ്രാർത്ഥനയും ദൈവാശ്രയവും മൂലം കഷ്ടതയിൽ സഹി ഷ്ണുത ഉള്ളവർ ആകണം. സഹോദരന്മാരുടെ ആവശ്യങ്ങളിൽ സഹായിക്കണം. അതിഥിസൽക്കാരം ആചരിക്കുന്നവർ ആകണം. സഹോദരന്മാരോടുള്ള കൂട്ടായ്മ അവരോടുകൂടെ സന്തോഷിക്കുന്നവരും ദുഃഖിക്കുന്നവരും ആകുവാൻ നമ്മെ പ്രാപ്തരാക്കും. ദൈവമക്കൾ താഴ്മയുള്ളവരായി എളിയവരോടും വലിയവരോടും ഐകമത്യം പുലർത്തണം.

### ലോകത്തിൽ ജീവിക്കേണ്ട മാതൃക (12:17-21)

ദൈവമക്കൾ ലോകത്തിൽ ജീവിക്കുന്നവർ ആണ്. ഈ ലോകം സാത്താന്റെ അധികാരത്തിൽ കഴിയുന്നു. ഇവിടെ നമുക്ക് കഷ്ടവും ഉപദ്രവവും ഉണ്ട്. എന്നാൽ ദൈവമക്കൾ പ്രതിക്രിയ നടത്തുന്നവർ ആകരുത്. അത് നമ്മുടെ സാക്ഷ്യം നഷ്ടപ്പെടുത്തും. മറ്റുള്ളവരോടു സമാധാനമായി കഴിയുവാൻ നാം ശ്രമിക്കണം. നമ്മെ ഉപദ്രവിക്കുന്നവരോട് ദയയോടെ ഏർപ്പെടുവാൻ നമുക്കു കഴിയണം. അപ്പോൾ നമ്മെ ഉപദ്രവിക്കുന്നവർക്കു കുറ്റബോധം ഉണ്ടാകും. തിന്മയ്ക്കു പകരം നന്മ ചെയ്യുന്നവർക്കു മാത്രമേ ക്രിസ്തീയ സാക്ഷ്യം പുലർത്തുവാൻ കഴിയുകയുള്ളൂ. ഈ ദിവ്യസ്വഭാവങ്ങൾ ഉള്ളവർ ആകുവാൻ നമുക്കിടയാകട്ടെ.

## അദ്ധ്യായം 13

ദൈവമക്കൾ ശ്രേഷ്ഠാധികാരങ്ങളോട് അനുസരണം കാണിക്കുന്നവർ ആയിരിക്കണം. ഗവൺമെന്റ് ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു. നിയമങ്ങൾ അനുസരിക്കേണ്ടത് നമ്മുടെ കടമയാണ്. നിയമം ലംഘിക്കുന്നവർ ശിക്ഷ അനുഭവിക്കും. അധികാരം ഉള്ളവർ മറ്റുള്ളവരുടെ നന്മ അന്വേഷിക്കുന്നവർ ആയിരിക്കണം. നികുതി കൊടുക്കുന്നതും മറ്റുള്ളവരെ ബഹുമാനി ക്കുന്നതും നമ്മുടെ കടമയാകുന്നു. ദൈവവചനത്തിനു വിരുദ്ധമായി പ്രവർത്തിക്കുമ്പോൾ മനുഷ്യരേക്കാൾ ദൈവത്തെ അനുസരിക്കുവാൻ ദൈവമക്കൾക്ക് ഉത്തരവാദിത്വം ഉണ്ട് (പ്രവൃ. 5:29).

വിശ്വാസികൾ അന്യോന്യം സ്നേഹിക്കണം. അപ്പോൾ മറ്റുള്ളവരോടുള്ള കടമ നിർവ്വഹിക്കുവാൻ നാം കഴിവുള്ളവർ ആകും. ന്യായപ്രമാണത്തിൽ പറഞ്ഞിട്ടുള്ള കല്പനകൾ അനുസരിക്കുവാൻ നാം അന്യോന്യം സ്നേഹിക്കുമ്പോൾ മാത്രമേ കഴിയുകയുള്ളൂ.

രക്ഷിക്കപ്പെട്ടവർ മാതൃകാ ജീവിതം നയിക്കണം. അവർ ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുന്നവർ ആകണം. പാപപരിചയങ്ങൾ ഉപേക്ഷിച്ചുകൊണ്ട് ആത്മഫലങ്ങൾ പുറപ്പെടുവിക്കുവാൻ ജീവിതം സമർപ്പിക്കുവാൻ നാം കടപ്പെട്ടവർ ആകുന്നു. നമ്മുടെ രക്ഷയുടെ പൂർത്തീകരണം അഥവാ തേജസ്കരണം സമീപം ആകുന്നു (8:23). അതുകൊണ്ട് കർത്താവിനായി നമുക്ക് ജീവിക്കാം. ദൈവമക്കൾ ജഡമോഹങ്ങളെ ഒഴിഞ്ഞിരിക്കണം. അതിനു ദൈവവചനധ്യാനവും പ്രാർത്ഥനയും ദൈവമക്കളോടുള്ള കൂട്ടായ്മയും ആവശ്യമാണ്.

## അദ്ധ്യായം 14

ആത്മീയ വിഷയങ്ങളിൽ പക്വത വരാത്ത വിശ്വാസികളോട് ഏർപ്പെടേണ്ട വിധം ഇവിടെ കാണാം. കൃപയാൽ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടവർ ആത്മീയ സ്വാതന്ത്ര്യം ഉള്ളവരാണ്. സ്നേഹത്തിൽ അന്യോന്യം ശുശ്രൂഷിക്കുവാൻ അവർ കടപ്പെട്ടവർ ആകുന്നു. രക്ഷിക്കപ്പെട്ടവർ എങ്കിലും പാരമ്പര്യങ്ങളിലും മറ്റും അടിമകളായി കഴിയുന്ന വിശ്വാസികൾ ഉണ്ട്. അടിസ്ഥാന ഉപദേശങ്ങളിൽ അവർ വിശ്വസിക്കുന്നെങ്കിലും പഴയ ചില ആചാരങ്ങൾ അവർ തുടർന്നു എന്നു വരാം. അവരോടു സഹിഷ്ണുത കാണിക്കണം. ആത്മീയമായി വളരുമ്പോൾ അവർ സത്യം ഗ്രഹിക്കുകയും പഴയ ആചാരങ്ങളോടു വേർപെടുകയും ചെയ്യും. കർത്താവ് അവരെ കൈക്കൊണ്ടിരിക്കയാൽ വിധിക്കരുത്. എല്ലാ വിശ്വാസികളും കർത്താവിനായി ജീവിക്കുവാൻ കടപ്പെട്ടവർ ആകുന്നു. വിശ്വാസികൾ ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ നിൽക്കേണ്ടവർ ആകുന്നു. വ്യക്തിപരമായി നാം എങ്ങനെ കർത്താവിനുവേണ്ടി ജീവിച്ചു എന്നു പരിശോധിക്കപ്പെടും. വിശ്വസ്ത സേവന ത്തിനു പ്രതിഫലം ലഭിക്കും. അനേകർ അന്നു ലജ്ജിതർ ആകും. നാം കർത്താവിന്റെ മഹത്വത്തിനായി ജീവിക്കുന്നവരാകുവാൻ ഇടയാകട്ടെ.

വിശ്വാസികൾ ആത്മീയ സ്വാതന്ത്ര്യം ലഭിച്ചവർ ആണ്. എന്നാൽ ആത്മീയ ശൈശവത്തിൽ കഴിയുന്നവരെ വിധിക്കുകയും അവർക്ക് ഇടർച്ച സൃഷ്ടിക്കുകയും ചെയ്യരുത്. ബലഹീനരായ വിശ്വാസികളെ സഹിച്ചും പ്രോത്സാഹിപ്പിച്ചും നടത്തുവാൻ പക്വത വന്നവർ ശ്രദ്ധിക്കണം. ദൈവരാജ്യം ഭക്ഷിക്കുന്നതും പാനംചെയ്യുന്നതും അല്ല, അഥവാ ഭൗതിക അനുഭവമല്ല; പ്രത്യുത അത് ഇന്ന് ആത്മീയ അനുഭവമാണ്. ദൈവമക്കൾ ദൈവരാജ്യത്തിന്റെ

അനുഭവക്കാരായിരിക്കണം. അവർ നീതിപൂർവ്വമായ ജീവിതം നയിക്കണം. ദൈവത്തോടും സഹോദരവർഗ്ഗത്തോടും സമാധാനം പുലർത്തുവാൻ അവർക്കു കഴിയണം. പരിശുദ്ധാത്മനിറവിൽ അന്യോന്യം സ്നേഹിക്കു കയും സന്തോഷം അനുഭവിക്കുകയും ചെയ്യുന്നവരായിരിക്കണം. നമ്മുടെ ജീവിതം കർത്താവിനെ പ്രസാദിപ്പിക്കുന്നതും മനുഷ്യർക്കു പ്രയോജനം ഉള്ളതുമാകണം. അന്യോന്യം സമാധാനം ആചരിക്കുമ്പോൾ മാത്രമേ ആത്മീയ വർദ്ധനവ് ഉണ്ടാകുകയുള്ളൂ. നാം അന്യോന്യം ഇടർച്ച വരുത്തുന്നവർ ആകരുത്. നമ്മുടെ വിശ്വാസങ്ങളും അഭിപ്രായങ്ങളും മറ്റുള്ളവരെ അടിച്ചേല്പിക്കരുത്. നാം ദൈവവചനത്തിനു വിരുദ്ധമായ കാര്യങ്ങൾ ചെയ്യുന്നത് പാപമാകുന്നു. അതുപോലെ തന്നെ നന്മ ചെയ്യാനറിഞ്ഞിട്ടും അതു ചെയ്യാത്തത് പാപമാകുന്നു (യാക്കോ. 4:17). വിശ്വാസികൾ അന്യോന്യം ആത്മീയ വർദ്ധനവു വരുത്തുന്നവർ ആയിരിക്കണം.

## അദ്ധ്യായം 15

(15:1-13) വിശ്വാസത്തിൽ ബലഹീനരായവരെ താങ്ങുവാൻ പക്വത വന്ന വിശ്വാസികൾക്ക് ഉത്തരവാദിത്വം ഉണ്ട്. അവർ സ്വാർത്ഥതാൽപര്യങ്ങൾ ഉപേക്ഷിച്ച് ദൈവഹിതം ചെയ്യുവാൻ മനസ്സുള്ളവർ ആകണം. ക്രിസ്തു നമ്മുടെ മാതൃക ആകുന്നു. ദൈവവചനം നമുക്ക് വിശ്വാസത്തിൽ സ്ഥിരതയും ആശ്വാസവും പ്രദാനം ചെയ്യുവാൻ നൽകിയിട്ടുള്ളതാണ്. അങ്ങനെ നാം പ്രത്യാശ ഉള്ളവർ ആകും. കർത്താവ് നമ്മെ സ്വീകരിച്ചതുപോലെ അന്യോന്യം ദൈവ ത്തെ മഹത്വപ്പെടുത്തുവാൻ നാം പ്രാപ്തരാകണം. ദൈവകൃപ അതിന് ആവശ്യമാണ്. ക്രിസ്തു വന്നത് യെഹൂദന്മാരെയും ജാതികളെയും ശുശ്രൂഷിക്കുവാനാണ് (മർക്കൊ. 10:45). അതു വെളിപ്പെടുത്തുവാൻ പഴയനി യമം ഉദ്ധരിച്ചിരിക്കുന്നു (ആവ. 32:43). ദൈവകുടുംബത്തിൽ യെഹൂദനും ജാതികൾക്കും പ്രവേശനം ഉണ്ട്. ക്രിസ്തു വിൽ വിശ്വസിക്കുകയാണ് അതിന് ആവശ്യം. ഈ സത്യങ്ങൾ വിശ്വസിച്ച് പ്രത്യാശയും സന്തോഷവും സമാധാ നവും ഉള്ളവർ ആകുവാൻ ദൈവമക്കളെ കർത്താവു സഹായിക്കട്ടെ.

(15:14-21) ഇവിടെ പൗലൊസ് ലേഖന ഉദ്ദേശം വ്യക്തമാക്കിയിരിക്കുന്നു. താൻ ജാതികളുടെ അപ്പൊസ്തലനും സുവിശേഷം അറിയിക്കുവാൻ നിയോഗം ലഭിച്ചവനും ആകുന്നു എന്ന് സഹോദരന്മാർ അറിയണം. ക്രിസ്തുവിന്റെ നാമം അറിയാത്ത സ്ഥലങ്ങളിലാണ് പൗലൊസ് സുവിശേഷഘോഷണം നടത്തിയത്. സ്വയം പ്രശംസിക്കാതെ ക്രിസ്തുയേശുവിൽ പ്രശംസിക്കുന്നവനായിരുന്നു പൗലൊസ്. നാം സുവിശേഷം കേട്ടിട്ടില്ലാത്ത വരോട് അത് അറിയിക്കുവാൻ കടപ്പെട്ടവർ ആകുന്നു. അത് അറിയിക്കുന്നതിൽ അഭിമാനവും ഉത്സാഹവും ഉള്ളവർ ആയിരിക്ക ണം.

(15:22-33) ഇവിടെ റോമിലേക്കുള്ള തന്റെ യാത്രയെക്കുറിച്ചു പൗലൊസ് മുൻകൂട്ടി പറയുന്നു. സുവിശേഷം അറിയാത്ത സ്ഥലങ്ങളിൽ പ്രവർത്തിച്ചതു മൂലം പൗലൊസിന് ഇതുവരെ റോമിൽ പോകുവാൻ സാധിച്ചില്ല. എന്നാൽ സ്പെയിനിലേക്കുള്ള യാത്രാമദ്ധ്യേ റോമിൽ ഇറങ്ങുവാൻ ആഗ്രഹിക്കുന്നു. അവിടെ ദൈവജനത്തിന് അനുഗ്ര ഹവും അവരിൽനിന്നും ആശ്വാസവും അനുഭവിക്കുവാൻ താൻ ആഗ്രഹമുള്ളവനാണ്. ദൈവമക്കൾക്ക് ഉണ്ടായിരി ക്കേണ്ട സ്വഭാവവിശേഷം ആകുന്നു ഇത്. റോമിലേക്ക് വരുന്നതിനു മുമ്പായി യെരൂശലേമിലെ വിശുദ്ധന്മാർക്ക് ജാതികളുടെ സഭയിൽനിന്നുള്ള ധനസഹായം എത്തിക്കുവാൻ പൗലൊസ് ആഗ്രഹിച്ചു. ദൈവമക്കൾ അന്യോന്യം സഹായിക്കുവാൻ കടപ്പെട്ടവരാണ്. അതു നമ്മുടെ ആത്മീയബന്ധം വർദ്ധി ക്കുവാനും സാക്ഷ്യം ബലപ്പെടുവാനും കാരണമായിത്തീരും. പൗലോസ് ആഗ്രഹപൂർത്തിയോടെ റോമ് സന്ദർശിക്കാൻ ആഗ്രഹിച്ചു. ദൈവവചനത്താൽ നിറയപ്പെട്ടവർക്കു മാത്രമേ മറ്റുള്ളവർക്ക് അനുഗ്രഹമായി തീരുവാൻ കഴിയുകയുള്ളൂ. പൗലൊസ് യെരൂശലേമി ലേക്കുള്ള യാത്രയ്ക്കായി പ്രാർത്ഥിക്കുവാൻ അപേക്ഷിക്കുന്നു. അവിശ്വാസികളുടെ ആക്രമണത്തിൽനിന്നും വിടു തൽ ഉണ്ടാകണം. വിശ്വാസികൾ തന്നെ സ്വീകരിക്കണം. ദൈവേഷ്ടം ജീവിതത്തിൽ നടക്കണം. തന്റെ വരവുമൂലം ദൈവജനം സന്തോഷവും ആശ്വാസവും അനുഭവിക്കണം. ദൈവമക്കളോടുള്ള കൂട്ടായ്മ പൗലൊസിന് മനം തണു പ്പിക്കുന്ന അനുഭവം ആയിരുന്നു. സമാധാനത്തിന്റെ ദൈവം കൂടെ ഇരിക്കുമാറാകട്ടെ എന്നുള്ള അപ്പൊസ്തലിക ആശീർവാദത്തോടുകൂടെ അദ്ധ്യായം അവസാനിക്കുന്നു. ദൈവമക്കൾ അന്യോന്യം സ്വീകരിക്കുകയും സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമ്പോൾ സമാധാനമുള്ള വർ ആകും.

## അദ്ധ്യായം 16

(16:1-16) പൗലൊസിന്റെ ആശംസാവാക്കുകൾ ആണ് ഈ അദ്ധ്യായ ത്തിൽ കാണുന്നത്. ഫേബ എന്ന സഹോ ദരി വശം പൗലൊസ് തന്റെ ലേഖനം റോമിൽ എത്തിക്കുന്നതായി കാണാം. അവൾ സാക്ഷ്യമുള്ളവളും കെംക്രെയ സഭയിലെ ഒരു ശുശ്രൂഷക്കാരിയും ആയിരുന്നു. കർത്താവിൻെറ നാമത്തിൽ അവളെ സ്വീകരിക്കണം. ദൈവദാസ ന്മാരോട് എന്നും സഭയ്ക്ക് ഉണ്ടായിരിക്കേണ്ട മനോഭാവം ഇതായിരിക്കണം. പൗലൊസ് സഹപ്രവർത്തക രായ പ്രിസ്കില്ലയെയും അക്വിലാസിനെയും വന്ദനം ചൊല്ലുന്നു. 3-16 വരെയുള്ള വാക്യങ്ങളിൽ വിശ്വാസികളുടെ പേരു കളും അപ്പൊസ്തലന് അവരോടുള്ള സ്നേഹവും വ്യക്തമായി കാണാം. വീട്ടിലെ സഭകൊണ്ടുള്ള ആശയം വീടു കളിൽ കൂടിവന്ന വിശ്വാസികളുടെ കൂട്ടം എന്നാണ്. ആദ്യനൂറ്റാണ്ടിൽ വിശ്വാസികൾ അന്യോന്യം ചുംബിച്ച് വന്ദനം ചെയ്യുന്നവരായിരുന്നു. ഇന്ന് ആ പരിചയം കൊണ്ടാടുന്നില്ല. സഹോദരിമാരോടുള്ള ബഹുമാനവും സ്നേഹവും

ഇവിടെ പ്രകടമാണ്. സഭയുടെ വളർച്ചയ്ക്കു സഹോദരിമാർക്കുള്ള പങ്ക് വളരെ വലുതാണ്.

(16:17–26) സഭയിൽ ഇടർച്ച വരുത്തുന്നവരെക്കുറിച്ചുള്ള താക്കീത് ഇവിടെ കാണാം. അവർ അപ്പൊസ്തലൻ പഠിപ്പിച്ച ഉപദേശങ്ങളെ എതിർക്കുന്നവരും മുഖസ്തുതികൊണ്ട് ബലഹീനരായ വിശ്വാസികളെ സ്വാധീനിക്കുന്ന വരും ആണ്. അവരുടെ ചതിയിൽ അകപ്പെടരുത്. അവരെ കുറിക്കൊ ള്ളണം. അവരോട് അകന്നുമാറണം. വിശ്വാ സികൾ നന്മയും തിന്മയും വിവേചിക്കുവാൻ പ്രാപ്തിയുള്ളവർ ആയിരിക്കണം. അവർ തിന്മയെ വെറുത്തു കൊണ്ട് നന്മയിൽ വർദ്ധിച്ചുവരണം. നമ്മുടെ കർത്താവ് സാത്താന്റെ മേൽ വിജയം വരിച്ചവനാണ്. അവന്റെ കൃ പയും സമാധാനവും നമുക്ക് വാഗ്ദത്തം ചെയ്തിരിക്കുന്നു. പൗലൊസു തിമൊഥെയൊസിനോടു ചേർന്ന് വിശ്വാ സികളെ വന്ദനം ചെയ്യുന്നു. താൻ കൂട്ടുസഹോദരന്മാരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. പൗലൊസു പറഞ്ഞുകൊടുത്ത ഈ ലേഖനം എഴുതിയത് തെർതൊസ് ആയിരുന്നു. സുവിശേഷം യേശുക്രിസ്തു വിൽക്കൂടി ദൈവം ഒരുക്കിയിട്ടുള്ള രക്ഷയുടെ സന്ദേശം ആകുന്നു. അതു പഴയ നിയമകാലത്ത് ഒരു മർമ്മമായിരു ന്നു. എന്നാൽ ഇന്ന് അത് വെളിപ്പെടുത്തുവാൻ ദൈവം പ്രസാദിച്ചു. സുവിശേഷം കേൾക്കുന്നവർ അതനുസരിക്ക ണം. ബുദ്ധികൊണ്ടുള്ള അറിവു മാത്രം ആരെയും രക്ഷിക്കുകയില്ല. സർവ്വജ്ഞാനിയായ ദൈവത്തിനു മഹത്വം നൽകുന്ന ആശീർവാദ വചനങ്ങളോടെ സുവിശേഷത്തെക്കുറിച്ചുള്ള ഈ ലേഖനം അവസാനിക്കുന്നു.

***